# Trichur Archdiocesan Bulletin

മെയ് 2019
വാല്യം: 86 ലക്കം: 05
ESTD:1934




മത്തായി 14 : 22-33 (വെള്ളത്തിനു മീതെ നടക്കുന്നു)

ARCHDIOCESE OF TRICHUR
Estd. 1887

TAB

# 50 years of Priestly Ordination



Rev. Fr. Chelappadan George



Rev. Fr. Mangalan Sebastian (PKD)



Rev. Fr. Manjaly Antony (IKJ)



Rev. Fr. Olakkengil Lawrence



Rev. Fr. Thattil Bernard



Rev. Fr. Thottian Paul (PKD)



Rev. Fr. Vadakkethala George

# 25 years in Priestly Life



Rev. Fr. Akkara Raju



Rev. Fr. Anthikadan Johnson



Rev. Fr. Arackel Paul



Rev. Fr. Muringathery Joseph



Rev. Fr. Thekkekara Davis



Rev. Fr. Vennattuparambil Joshy



# ആദരാഞ്ജലികൾ

## റവ. ഫാ. റാഫേൽ ചിറ്റിലപ്പിള്ളി

ജനനം: 10.10.1930
തിരുപ്പട്ടം: 13.03.1960
മരണം: 07.04.2019

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.04.2019
**May-2019**



മെയ് 1ന്
മെത്രാഭിഷേക വാർഷികം
ആഘോഷിക്കുന്ന

**മാർ ആൻഡ്രൂസ്**
**പിതാവിന്**

തൃശൂർ അതിരൂപത മക്കളുടെ
പ്രാർത്ഥനാശംസകൾ

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor



Trichur Archdiocesan Bulletin TAB

**മെയ് 2019**


ലക്കം: 05 വാല്യം: 86

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*
Fr. Nysson Alanthanath
*Executive Editor*
*Design*
smritidesign.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org

## ഈ ലക്കത്തിൽ

| | |
|---|---|
| ലോക ദൈവവിളി സന്ദേശം | 4 |
| സർക്കുലർ | 10 |
| കച്ചേരിക്കാര്യം | 14 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 19 |
| സഹായമെത്രാന്റെ പരിപാടികൾ | 21 |
| നാളാഗമം | 23 |
| നാമകരണ നടപടികൾ | 30 |
| സാമ്പത്തിക കാര്യാലയം | 31 |
| വൈദികർ | 34 |
| സന്യസ്തർ | 36 |
| മതബോധനം | 41 |
| സ്ഥാപനങ്ങൾ | 48 |
| സംഘടനകൾ | 71 |



Ref: 3189/K-5/KCBC/OL/DS
6 April 2019

# 2019 ലോക ദൈവവിളി ദിന സന്ദേശം

**ഫ്രാൻസിസ് മാർപാപ്പാ**

### ദൈവിക വാഗ്ദാനത്തെ സംബന്ധിച്ച് അപകട സാധ്യത ഏറ്റെടുക്കാനുള്ള ധീരത

പ്രിയ സഹോദരീ സഹോദരന്മാരേ,

കഴിഞ്ഞ ഒക്ടോബറിൽ യുവജനങ്ങൾക്കുവേണ്ടി നടത്തിയ സിനഡിന്റെ സജീവവും ഫലദായകവുമായ അനുഭവത്തിനുശേഷം പനാമാ നഗരത്തിൽ വച്ച് അടുത്ത കാലത്ത്, മുപ്പത്തിനാലാം ലോക യുവജനദിനം നമ്മൾ ആഘോഷിച്ചു. ഈ രണ്ട് മഹാസംഭവങ്ങളും പരിശുദ്ധാത്മാവിന്റെ ശബ്ദത്തെയും യുവതീയുവാക്കളുടെ ജീവിതത്തെയും അവരുടെ ചോദ്യങ്ങളെയും താത്പര്യങ്ങളെയും പ്രശ്നങ്ങളെയും പ്രതീക്ഷകളെയും ശ്രദ്ധിക്കാൻ സഭയെ അനുവദിച്ചു.

പനാമയിൽ യുവജനങ്ങളുമായി പങ്കുവച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, ദൈവവിളിക്കായുള്ള പ്രാർത്ഥനയുടെ ഈ ലോകദിനത്തിൽ, കർത്താവിന്റെ വിളി നമ്മെ എങ്ങനെ വാഗ്ദാനത്തിന്റെ സംവാഹകരാക്കുന്നുവെന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം അവിടത്തോടു കൂടെയും അവിടത്തേക്കുവേണ്ടിയും അപകടസാധ്യത ഏറ്റെടുക്കാനുള്ള ധീരതയെപ്പറ്റി ചിന്തിക്കാനും ആഗ്രഹിക്കുന്നു.

നിങ്ങളോടൊപ്പം രണ്ടു വശങ്ങളെപ്പറ്റി – വാഗ്ദാനം അപകടസാധ്യത എന്നിവയെപ്പറ്റി – ചുരുക്കത്തിൽ ചിന്തിച്ചുകൊണ്ട് അങ്ങനെ ചെയ്യാം. കാരണം അവ രണ്ടും ആദ്യശിഷ്യരെ ഗലീലിക്കടൽത്തീരത്തുവച്ചു വിളിച്ചതിനെക്കുറിച്ചുള്ള സുവിശേഷവിവരത്തിൽ കാണാം (മർക്കോ 1:16–20).

രണ്ടു ഇരട്ട സഹോദരന്മാരെ – ശിമയോനും അന്ത്രയോസും, യാക്കോബും യോഹന്നാനും – തങ്ങളുടെ അനുദിന തൊഴിലായ മീൻപിടുത്തത്തിനു പോകുന്നു. ത്യാഗം ആവശ്യപ്പെടുന്ന ഈ ജോലിയിൽ അവർ പ്രകൃതി നിയമങ്ങൾ പഠിച്ചു. എന്നാലും കാറ്റ് അനുകൂലമല്ലാത്തപ്പോഴും തിരമാലകൾ വള്ളങ്ങളെ കുലുക്കിയപ്പോഴും പ്രകൃതിശക്തികളെ വെല്ലുവിളിക്കേണ്ടിവന്നു. ചില ദിവസങ്ങളിൽ മീൻപിടുത്തം അവരുടെ പരിശ്രമങ്ങൾക്ക് ധാരാളം പ്രതിഫലം നല്കി. എന്നാൽ മറ്റു ദിവസങ്ങളിൽ രാത്രി മുഴുവനുമുള്ള അധ്വാനവും അവരുടെ വലകൾ നിറച്ചില്ല. ക്ഷീണിച്ചും നിരാശരായും കടൽത്തീരത്തേക്കു തിരിച്ചുപോകേണ്ടിവന്നു. ജീവിതത്തിലെ മിക്കതും ഇതുപോലെയാണ്. നമ്മിൽ ഓരോരുത്തരും അത്യഗാധമായ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ പരിശ്രമിക്കുന്നു. സമ്പന്നരാക്കുമെന്നു കരുതുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ശരിയായ വഴിയിൽ മുന്നേറാനുള്ള പ്രത്യാശയുടെ “കടൽ” സഞ്ചാരം നടത്തുന്നു. സന്തോഷത്തിനായുള്ള നമ്മുടെ ദാഹത്തെ തൃപ്തിപ്പെടുത്താനുള്ള വഴി തന്നെ. ചിലപ്പോൾ നാം ധാരാളം മീൻപിടിച്ചു സന്തോഷിക്കുന്നു. ചിലപ്പോൾ വള്ളത്തെ തിരമാല കുലുക്കാതിരിക്കാൻ ധീരതയുണ്ടായിരിക്കണം. അല്ലെങ്കിൽ വലയിൽ ഒന്നുമില്ലാതെ ഉയരുന്നതു കണ്ടു നിരാശപ്പെടേണ്ടി വരും.

ഓരോ വിളിയെ സംബന്ധിച്ചും ഒരു കണ്ടുമുട്ടലിനെപ്പറ്റി സുവിശേഷം പറയുന്നു. യേശു അടുത്തുകൂടെ കടന്നുപോകുന്നു, മീൻപിടിത്തക്കാരെ കാണുന്നു, അവരുടെയടുക്കലേക്കു നടന്നുചെല്ലുന്നു. നാം വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തിയെ കണ്ടുമുട്ടുമ്പോഴും അല്ലെങ്കിൽ സമർപ്പിത ജീവിതത്തിന്റെ ആകർഷണം തോന്നിയപ്പോഴും ഇതുതന്നെ സംഭവിച്ചു: നമ്മൾ കണ്ടുമുട്ടലിൽ വിസ്മയിച്ചു. നമ്മുടെ ജീവിതത്തെ പൂർണതയിലെത്തിക്കാൻ കഴിയുന്ന സന്തോ

ഷത്തിന്റെ വാഗ്ദാനത്തെ ആ നിമിഷത്തിൽ കണ്ടു. ആ ദിവസം ഗലീലിക്കടലിന്റെ തീരത്ത് യേശു ആ മീൻപിടുത്തക്കാരെ സമീപിച്ചു. "അന്നു കർമങ്ങളുടെ മരവിപ്പിക്കൽ" തകർത്തുകൊണ്ട് അങ്ങനെ ചെയ്തു (22-ാം സമർപ്പിത ജീവിത ദിനാഘോഷപ്രഭാഷണം, 2 ഫെ. 2018). അവിടന്ന് പെട്ടെന്ന് അവരോട് വാഗ്ദാനം ചെയ്തു: ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും" (മർക്കോ 1:17).

കർത്താവിന്റെ വിളി നമ്മുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ദൈവത്തിന്റെ ആക്രമിച്ചുകടക്കലല്ല. അത് ചുമക്കേണ്ടി വരുന്ന "പെട്ടി"യോ ഭാരമോ അല്ല. നേരെ മറിച്ച് സ്നേഹപൂർണമായ തുടക്കമാണ്. അതുവഴി ദൈവം നമ്മെ കണ്ടുമുട്ടുകയും വലിയൊരു സംരംഭത്തിൽ പങ്കുകാരാകാൻ ക്ഷണിക്കുകയും ചെയ്യുന്നു. അവിടന്ന് നമ്മുടെ കൺമുമ്പിൽ കൂടുതൽ വലിയ കടലിന്റെ ചക്രവാളവും സമൃദ്ധമായ മീൻപിടിത്തവും തുറന്നുകാണിക്കുന്നു.

നമ്മുടെ ജീവിതം നിസ്സാരവും പ്രവചനീയവും അനുദിന ജോലികൊണ്ട് ബന്ധിതവും അതിന് അർത്ഥം നല്കുന്ന തീരുമാനങ്ങൾക്കു മുമ്പ് ഉത്തരം പറയാത്തതും ആയിരിക്കരുതെന്ന് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. പടപൊരുതാൻ യോഗ്യതയുള്ള ഒന്നുമില്ലെന്നു കരുതി നവീനവും ഉദ്വേഗജനകവുമായ വഴികളിലൂടെ പുറപ്പെടാനുള്ള ആഗ്രഹം സാവധാനം നഷ്ടപ്പെട്ട് അനുദിനജവിതം നാം നയിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നില്ല. ചിലപ്പോൾ വിസ്മയനീയമായ മീൻപിടുത്തത്തിന്റെ അനുഭവം നമുക്കു നല്കുന്നു. കാരണം, മഹത്തായ ഒരു കാര്യത്തിലേക്കു നമ്മെ – വിവിധ വഴികളിലൂടെ – വിളിക്കുന്നുണ്ടെന്ന് നാം മനസ്സിലാക്കാൻ അവിടന്നു ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം ഹൃദയത്തെ മന്ദീഭവിപ്പിക്കുന്ന തളർച്ചയാകുന്ന വലകളിൽ കുടുങ്ങിക്കിടന്നു വളരാൻ ഇടവരാതിരിക്കാൻ തന്നെ. ഓരോ വിളിയും വല കൈയിൽ പിടിച്ച് കായൽത്തീരത്തു നില്കാതിരിക്കാനുള്ള ആഹ്വാനമാണ്. യേശു നമുക്കുവേണ്ടി അടയാളപ്പെടുത്തിയ – നമ്മുടെ സന്തോഷത്തിനും നമുക്കു ചുറ്റുമുള്ളവരുടെ നന്മയ്ക്കുംവേണ്ടി – വഴികളിലൂടെ യേശുവിനെ പിന്തുടരാനുള്ള വിളിയാണ്.

ഈ വാഗ്ദാനം സ്വീകരിക്കുകയെന്നത് സ്വാഭാവികമായി ഒരു തീരുമാനമെടുത്തുകൊണ്ട് അപകടസാധ്യത നേരിടാനുള്ള ധീരതയെ ആവശ്യപ്പെടുന്നു. വലിയ കാര്യത്തിൽ പങ്കുകാരാകാൻവേണ്ടി യേശു വിളിച്ച ആദ്യത്തെ ശിഷ്യന്മാർ "പെട്ടെന്ന് വല ഉപേക്ഷിച്ച് അവിടത്തെ പിന്തുടർന്നു" (മർക്കോ 1:18). കർത്താവിന്റെ വിളിയോടു പ്രത്യുത്തരിക്കാൻ വലിയ വെല്ലുവിളി നേരിടാൻ തയ്യാറാവുകയും നേരിടുകയും വേണം. നമ്മുടെ ചെറിയ ബോട്ടുമായി ബന്ധിപ്പിക്കു

ന്നതും സുനിശ്ചിതമായ തീരുമാനമെടുക്കുന്നതിൽ നിന്നു തടയുന്നതുമായ എല്ലാം ഉപേക്ഷിക്കണമെന്നാണ് ഇതിന്റെ അർത്ഥം. നമ്മുടെ ജീവിതത്തെപ്പറ്റി ദൈവത്തിനുള്ള പദ്ധതി അന്വേഷിക്കുന്നതിൽ ധീരതയും ദൃഢനിശ്ചയവും ഉള്ളവരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിളിയുടെ വിസ്തൃതമായ "സമുദ്രം" കണ്ടുകൊണ്ട് നമുക്കു സുരക്ഷിതത്വം തരുന്ന വഞ്ചിയിൽ വലകൾ നന്നാക്കിക്കൊണ്ട് തൃപ്തരായി കഴിയാൻ നമുക്കു സാധ്യമല്ല. പിന്നെയോ കർത്താവിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ച് ആശ്രയിക്കണം.

ഒന്നാമതായി ക്രൈസ്തവജീവിതത്തിലേക്കുള്ള ദൈവവിളിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. ആ ദൈവവിളി മാമ്മോദീസയിൽ നമ്മൾ എല്ലാവരും സ്വീകരിച്ചു. നമ്മുടെ ജീവിതം ഒരു ഉടക്കുമുനയല്ല പിന്നെയോ ഒരു ദാനമാണ് എന്നു അതു നമ്മെ പഠിപ്പിക്കുന്നു: സഭയാകുന്ന വലിയ കുടുംബത്തിൽ ശേഖരിക്കപ്പെട്ട ദൈവത്തിന്റെ പ്രിയപുത്രന്മാർക്കുള്ള ദാനം. സഭാത്മക സമൂഹത്തിൽ മാത്രമാണ് ക്രൈസ്തവജീവിതം ജനിക്കുകയും വികസിക്കുകയും ചെയ്യുന്നത് – പ്രത്യേകിച്ച്, ലിറ്റർജിയിലൂടെ. ലിറ്റർജി നമ്മെ ദൈവവചനത്തിലേക്കും കൂദാശകളുടെ കൃപാവരത്തിലേക്കും പ്രവേശിപ്പിക്കുന്നു. ബാല്യകാലം മുതൽ പ്രാർത്ഥനയുടെ കാലവും സഹോദരപരമായ പങ്കുവയ്ക്കലും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവസാനം സഭ നമ്മുടെ മാതാവാണ്. കാരണം അവൾ നമ്മെ പുതിയജീവിതത്തിലേക്കു കൊണ്ടുവരുകയും ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യും. അതുകൊണ്ട് നാം സഭയെ സ്നേഹിക്കണം. മാനുഷിക ദുർബലതയും പാപവും കൊണ്ട് അവളുടെ മുഖം വികലമാക്കപ്പെട്ടു കാണുമ്പോഴും അങ്ങനെ ചെയ്യണം. നാം സഭയെ എന്നെന്നും കൂടുതൽ സൗന്ദര്യവും പ്രകാശവും ഉള്ളവളാക്കാനുള്ള പരിശ്രമത്തിൽ സഹായിക്കണം. അങ്ങനെ ലോകത്തിന്റെ ദൈവസ്നേഹത്തിനുവേണ്ടി സാക്ഷ്യം വഹിക്കാൻ സഭയ്ക്കു കഴിയും.

അങ്ങനെ ക്രൈസ്തവജീവിതം ആ തീരുമാനങ്ങളിൽ പ്രകാശനം കാണുന്നു. നമ്മുടെ വ്യക്തിപരമായ യാത്രയ്ക്ക് കൃത്യമായ മാർഗനിർദേശം നല്കികൊണ്ട് നമ്മുടെ ലോകത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൽ വിവാഹം നടത്തുകയും കുടുംബത്തെ രൂപീകരിക്കുകയും ചെയ്യാനുള്ള തീരുമാനത്തെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മറ്റുള്ള എല്ലാ ദൈവവിളിക്കുമെന്നപോലെ അത് ജോലിയോടും പ്രൊഫഷണൽ ജീവിതത്തോടും കൂടിയതാണ്. പരസ്നേഹത്തോടും ഐക്യദാർഢ്യത്തോടും സാമൂഹികവും രാഷ്ട്രീയവുമായ ഉത്തരവാദിത്വങ്ങളോടും മറ്റു പലതിനോടും കൂടിയതാണത്. ഈ ദൈവവിളികൾ നമ്മെ നന്മ, സ്നേഹം, നീതി

എന്നിവയുടെ ഒരു വാഗ്ദാനത്തിന്റെ വാഹകരാക്കുന്നു. നമുക്കുവേണ്ടി മാത്രമല്ല നമ്മുടെ സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും വേണ്ടി കൂടിയാണത്. അവയ്ക്ക് ധീരതയുള്ള ക്രൈസ്തവരെയും ദൈവരാജ്യത്തിന്റെ യഥാർത്ഥസാക്ഷികളെയും ആവശ്യമാണ്.

കർത്താവിനെ കണ്ടുമുട്ടുമ്പോൾ സമർപ്പിതജീവിതത്തിലേക്കോ പൗരോഹിത്യത്തിലേക്കോ ഉള്ള ദൈവവിളിയുടെ ആകർഷകത്വം അനുഭവപ്പെട്ടേക്കാം. നമ്മെ ഉത്തേജിപ്പിക്കാൻ കഴിവുള്ള ഒരു കണ്ടെത്തലാണത്. അതേസമയം അത് നമ്മെ ഭയപ്പെടുത്തുകയും ചെയ്യുന്നു. സഭയിൽ മനുഷ്യരെപ്പിടിക്കുന്നവരാകാൻ വിളിക്കപ്പെട്ടിരിക്കുന്നതായി നമുക്കു തോന്നും. സുവിശേഷത്തിനും സഹോദരീസഹോദരന്മാർക്കും പൂർണമായി സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യാൻ തന്നെ. അത്തരം ഒരു തീരുമാനം കർത്താവിനെ അനുഗമിക്കാനും നമ്മെ പൂർണമായി അവിടത്തേക്കു സമർപ്പിക്കാനും അവിടത്തെ ജോലിയിൽ പങ്കുകാരാകാനും സർവവും ഉപേക്ഷിക്കുകയെന്ന ഒരു അപകട സാധ്യതയുണ്ട്. ഈ തീരുമാനമെടുക്കുമ്പോൾ അനേകതരം ആന്തരിക തടസ്സങ്ങളും ഉണ്ടാകാം. പ്രത്യേകിച്ച് വലിയ തോതിൽ സെക്കുലറായിട്ടുള്ള സാഹചര്യങ്ങളിൽ. അതിൽ ദൈവത്തിനും സുവിശേഷത്തിനും സ്ഥാനമില്ലെന്നു തോന്നിപ്പോകുക. ''നിരുത്സാഹം തോന്നാനും പ്രത്യാശ തളരാനും'' സാധ്യതയുള്ള സാഹചര്യങ്ങളാണവ (വൈദികർ, സമർപ്പിതർ, അല്മായ പ്രസ്ഥാനങ്ങൾ എന്നിവരോടൊപ്പമുള്ള കുർബാനയിലെ പ്രഭാഷണം, പനാമ, 26 ജനുവരി 2019).

എന്നാലും സ്വജീവൻ കർത്താവിനു വേണ്ടി അപകടസാധ്യതയിലെത്തിക്കുന്നതിനെക്കാൾ വലിയ സന്തോഷം ഒരുവനുമില്ല. യുവജനങ്ങളായ നിങ്ങളോട് ഇത് പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വിളിക്കു നേരെ ചെവിയടയ്ക്കരുത്. ഈ വഴി പിന്തുടരാൻ അവിടുന്ന് നിങ്ങളെ വിളിക്കുന്നെങ്കിൽ തുഴ വഞ്ചിയിലിടരുത്. അവിടുന്നിൽ വിശ്വസിക്കുക, ഭയപ്പെടരുത്. കർത്താവ് ചൂണ്ടിക്കാണിക്കുന്ന വലിയ കയറ്റങ്ങൾക്കു മുമ്പിൽ ഭയം നമ്മെ തളർത്തിക്കളയും. വള്ളവും വലയും ഇട്ടുകളഞ്ഞിട്ട് കർത്താവിനെ പിൻതുടരുന്നവർക്ക് ഹൃദയത്തെ നിറയ്ക്കുന്നതും യാത്രയെ സജീവമാക്കുന്നതുമായ പുതുജീവന്റെ സന്തോഷം അവിടന്ന് വാഗ്ദാനം ചെയ്യുന്നുവെന്ന് എപ്പോഴും ഓർക്കുക.

പ്രിയ സുഹൃത്തുക്കളേ, നമ്മുടെ ദൈവവിളി തിരിച്ചറിയുകയും ജീവിതത്തെ നേർവഴിക്കു നയിക്കാനും എപ്പോഴും എളുപ്പമല്ല. ഇക്കാരണത്താൽ മുഴുവൻ സഭയുടെയും ഭാഗത്തുനിന്ന് – വൈദികർ, സന്ന്യസ്തർ, അജപാലനപ്രവർത്തകർ, വിദ്യാഭ്യാസപ്രവർത്തകർ എന്നിവരിൽ നിന്ന് നവീകൃതസമർപ്പണമുണ്ടാകണം. യുവജനങ്ങൾക്ക്

കേൾക്കാനും തിരിച്ചറിയാനുമുള്ള പ്രത്യേക സൗകര്യങ്ങൾ നല്കുന്നതിനു തന്നെ. ഒരു യുവജനശുശ്രൂഷയും വിളി വളർത്തലും ആവശ്യമാണ്. ദൈവിക പദ്ധതി കണ്ടെത്താനുള്ള വഴി തുറക്കാനാണത്: സർവോപരി പ്രാർത്ഥന, ദൈവവചന ധ്യാനം, ദിവ്യകാരുണ്യാരാധന, ആധ്യാത്മിക സഹഗമനം എന്നിവയിലൂടെ.

പനാമയിൽ നടന്ന ലോകയുവജനദിനാഘോഷത്തിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതുപോലെ നാം എപ്പോഴും മറിയത്തിലേക്കു നോക്കണം. ആ യുവതിക്കും ദൈവവിളി ഒരു വാഗ്ദാനവും അപകടസാധ്യതയുമായിരുന്നു. അവളുടെ ദൗത്യം എളുപ്പമുള്ളതായിരുന്നില്ല. എന്നാൽ ഭയം പ്രബലപ്പെടാൻ അവൾ അനുവദിച്ചില്ല. "സമർപ്പിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളലായിരുന്നു അത്. അപകടസാധ്യത ഏറ്റെടുക്കാൻ ഇഷ്ടപ്പെട്ട തനിക്കുള്ളതെല്ലാം പരിത്യജിക്കാൻ തയ്യാറായ ഒരാളുടെ സമ്മതം മൂളൽ. താൻ ഒരു വാഗ്ദാനം വഹിക്കുന്നവളാണെന്ന് അറിയുന്നതിന്റെ തീർച്ചയല്ലാതെ മറ്റൊരു സെക്യൂരിറ്റിയും അവൾക്കുണ്ടായിരുന്നില്ല. ഞാൻ നിങ്ങളിൽ ഓരോരുത്തരോടും ചോദിക്കുന്നു: നിങ്ങൾ വാഗ്ദാനം വഹിക്കുന്നവരായി കാണുന്നുണ്ടോ? നടപ്പാക്കേണ്ട എന്തു വാഗ്ദാനമാണ് എന്റെ ഹൃദയത്തിലുള്ളത്? മറിയത്തിന്റെ ദൗത്യം തീർച്ചയായും പ്രയാസമുള്ള ഒന്നായിരുന്നു. പക്ഷേ മുന്നിൽ കണ്ട വെല്ലുവിളികളൊന്നും സമ്മതമില്ല എന്നു പറയാൻ കാരണമായില്ല. തീർച്ചയായും കാര്യങ്ങൾ സങ്കീർണമായിത്തീരും. എന്നാൽ കാര്യങ്ങൾ വ്യക്തമല്ലാതിരിക്കുകയും മുൻകൂട്ടി സുനിശ്ചിതമാകാതിരിക്കുകയും ചെയ്യുമ്പോൾ ഭീരുത്വം നമ്മെ തളർത്തിക്കളയുന്ന രീതിയല്ല അങ്ങനെയായിരിക്കുന്നത് (യുവജനങ്ങളോടൊപ്പമുള്ള ജാഗരണം, പനാമ 26 ജനുവരി 2019).

ദൈവവിളിക്കായുള്ള ഈ ആഗോള പ്രാർത്ഥനാദിനത്തിൽ നമുക്ക് നമ്മുടെ ജീവിതത്തെ സംബന്ധിച്ച് കർത്താവിന്റെ സ്നേഹപദ്ധതി കണ്ടെത്താനും അവിടുന്ന് നമുക്കു ഓരോരുത്തർക്കുമായി ആരംഭം മുതൽ നിശ്ചയിച്ചിട്ടുള്ള വഴിയിലൂടെ നടക്കാനുള്ള ധീരത നല്കാനായി അവിടുത്തോട് നമുക്ക് ഒന്നിച്ചു പ്രാർത്ഥിക്കുകയും സഹായം യാചിക്കുകയും ചെയ്യാം.


വത്തിക്കാനിൽ നിന്ന് 31 ജനുവരി 2019

വിശുദ്ധ ജോൺ ബോസ്കോയുടെ ഓർമദിനം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025



752/2019
30.03.2019 C- 4

## സർക്കുലർ

# 22–ാം പാലയൂർ മഹാതീർത്ഥാടനം 2019

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

മിശിഹായിൽ പ്രിയ വൈദികരെ സഹോദരീ സഹോദരന്മാരെ,

മാർ തോമ്മാശ്ലീഹായുടെ പാദസ്പർശമേറ്റ പാലയൂരിന്റെ പുണ്യഭൂമിയിലേക്കുള്ള 22–ാം പാലയൂർ മഹാതീർത്ഥാടനം ഏപ്രിൽ 7 ഞായറാഴ്ചയാണെന്ന കാര്യം നിങ്ങൾക്കേവർക്കും അറിയാവുന്നതാണല്ലോ. കാലാവസ്ഥാവ്യതിയാനം കൊണ്ട് അസഹനീയമായ ചൂടുള്ളതിനാൽ രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ പദയാത്ര നടത്തരുതെന്ന സിവിൽ അധികാരികളുടെ നിർദ്ദേശം മൂലം പദയാത്രയുടെ സമയ ക്രമം മാറ്റുവാൻ നിർബന്ധിതമായിരിക്കുന്നു. പുതുക്കിയ സമയക്രമമനുസരിച്ച് മുഖ്യപദയാത്ര രാവിലെ 4:15ന് ലൂർദ്ദ്പള്ളിയിലെ വി. കുർബാനക്കുശേഷം 5 മണിക്ക് പുറപ്പെട്ട് 8 മണിക്ക് പറപ്പൂർ

പള്ളിയിലെ പ്രഭാതഭക്ഷണവും 9:45ന് പാവറട്ടിയിലെ ഭക്ഷണവും കഴിഞ്ഞ് 10:45ന് പാലയൂരിൽ എത്തുന്നു. തുടർന്ന് വി. കുർബാന. രാവിലെ പദയാത്രയ്ക്ക് എത്തിച്ചേരാൻ കഴിയാത്തവർക്കായി അന്നേദിവസം ഉച്ചകഴിഞ്ഞ് പാവറട്ടി മുതൽ പാലയൂർ വരെ പദയാത്ര സംഘടിപ്പിച്ചിരിക്കുന്നു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പാവറട്ടിയിലെ വി. കുർബാനക്കു ശേഷം ആരംഭിക്കുന്ന പദയാത്ര 4:45ന് പാലയൂരിൽ എത്തുന്നതും 5 മണിക്ക് പൊതുസമ്മേളനം നടക്കുന്നതുമായിരിക്കും. ജസ്റ്റിസ് കുരിയൻ ജോസഫ് സന്ദേശം നൽകുന്നു. സാധിക്കുന്നത്ര ആളുകളെ വാഹനങ്ങളിൽ പാവറട്ടിയിൽ 3:30ന് തന്നെ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രമിക്കുമല്ലോ. മറ്റു മേഖലകളിൽ നിന്നുള്ള പദയാത്രകൾ രാവിലെ 10:45ന് പാലയൂരിൽ എത്തിച്ചേരേണ്ടതാണ്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2019 മാർച്ച് 31ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

780/ 2019
04-04-2019 C-5

# CIRCULAR ON THE CONSTITUTION OF THE 17th PRESBYTERAL COUNCIL OF THE ARCHDIOCESE OF TRICHUR

**Mar Andrews Thazhath**
Metropolitan Archbishop of Trichur



Dear Very Reverend and Reverend Fathers,

Since the period of 16th Presbyteral Council is terminated, I hereby decide to constitute the new one for a period of three years **(2019-2021)** as per the constitution. Membership in the Presbyteral Council will be in Ex-Officio, Elected and Nominated categories.

**I. Ex-officio**

1. Archbishop
2. Proto-Syncellus
3. Syncelli
4. Judicial Vicar
5. Chancellor
6. Finance Officer
7. Minor Seminary Rector
8. Major Seminary Rector
9. Director of Catechism
10. Corporate Manager
11. Religious Major Superiors
    a. Provincial CMI
    b. Provincial O' Carm

**II. Elected**

1. Representatives of the Archdiocesan priests elected

from groups divided according to age of Sacerdotal Ordina-tion (one member from a group). Thus the Archdiocesan priests are distributed into 21 groups as in the following list.

2. One priest elected from each Forane as Forane Representative
3. Representatives of the other diocesan or religious priests working in the Archdiocese (two members). They are listed in the 21st group.

**III. Nominated Members :**

Priests nominated by the Archbishop will be included in this category.

You are given a list of priests grouped as mentioned above. You are hereby requested to elect **one priest** from **each group (**except the Ex-Officio members) of the Archdiocesan Priests (groups 1-21) and **two priests** from the group of other priests working in the Archdiocese (group 22). For convenience a paper with the number of groups is attached herewith. You shall write the name of your choice against the respective number of the group.

**Please send the paper duly filled and signed by return post, before 10th May, 2019 to the following address:**

The President,
Presbyteral Council,
Catholic Archbishop's House,
Trichur- 680 005.

**An election committee is constituted to conduct the required election. The committee includes besides me (President) and the Secretary (Rev. Fr. Jose Konikkara Jr.), Msgr. Jose Vallooran, Fr. Varghese Edakkalathoor, Fr. Francis Aloor, Fr. Joju Panackal.**

With prayerful wishes and cordial blessings,

+ Andrews Thazhath

**Mar Andrews Thazhath**
Metropolitan Archbishop of Trichur

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

മെയ് 2019

| | | |
|---|---|---|
| 1 | : | തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് |
| 2 | : | വി. അത്തനേഷ്യസ് |
| 3 | : | വി. പീലിപ്പോസ്, വി. യാക്കോബ് ശ്ലീഹന്മാർ<br>ആദ്യവെള്ളി |
| 5 | : | **ഉയിർപ്പ് മൂന്നാം ഞായർ** |
| 6 | : | വി. ഡൊമിനിക് സാവിയോ |
| 12 | : | **ഉയിർപ്പ് നാലാം ഞായർ** |
| 14 | : | വി. മത്തിയാസ് ശ്ലീഹാ |
| 18 | : | വി. അദ്ദായി |
| 19 | : | **ഉയിർപ്പ് അഞ്ചാം ഞായർ** |
| 26 | : | **ഉയിർപ്പ് ആറാം ഞായർ** |
| 30 | : | ന. കർത്താവിന്റെ സ്വർഗ്ഗാരോഹണം (കടമുള്ള ദിവസം) |
| 31 | : | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

**2. മെയ് മാസത്തെ പരിപാടികൾ**

മെയ് 15 : 10:30 am അതിരൂപത ആലോചനസമിതിയോഗം
മേജർ സെമിനാരിക്കാരുടെ കോൺഫ്രൻസ്

16 : സെമിനാരിയൻസ് ഡേ

18 : 02:30 pm വൈദികവസ്ത്രസ്വീകരണം

19 : 02:00 pm ഏയ്ഞ്ചലോസ് 2019

20 : 10:00 am അതിരൂപതാദിനം (പഴുവിൽ)

**3. മെത്രാഭിഷേക വാർഷികം:**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെയും മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും മെത്രാഭിഷേക വാർഷിക ദിനമാണ് മെയ് 1. അന്നേദിനം അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി വി. കുർബാന മധ്യേ



പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യപിതാക്കന്മാർക്ക് അതിരൂപതയുടെ പ്രാർത്ഥനാപൂർണ്ണമായ ആശംസകൾ നേരുന്നു.

**4. വൈദികവസ്ത്ര സ്വീകരണം**

അതിരൂപതയ്ക്കു വേണ്ടി പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 18ന് ഉച്ചകഴിഞ്ഞ് 2:00 മണിക്ക് മൈനർ സെമിനാരിയിൽ വച്ച് വൈദികവസ്ത്രം സ്വീകരിക്കുന്നതാണ്. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടി മുന്നോട്ട് കടക്കുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

**5. ജൂബിലി ആഘോഷിക്കുന്ന വൈദികർ :**

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാ. ജോർജ്ജ് ചേലപ്പാടൻ, ഫാ. ലോറൻസ് ഒലക്കേങ്കിൽ, ഫാ. ജോർജ്ജ് വടക്കേത്തല, ഫാ. ബർണാർഡ് തട്ടിൽ, ഫാ. സെബാസ്റ്റ്യൻ മംഗലത്ത് (പാലക്കാട്), ഫാ. പോൾ തോട്ട്യാൻ (പാലക്കാട്), ഫാ. ആന്റണി മഞ്ഞളി (ഇരിഞ്ഞാലക്കുട) എന്നിവർക്കും, രജത ജൂബിലി ആഘോഷിക്കുന്ന ഫാ. പോൾ അറക്കൽ, ഫാ. രാജു അക്കര, ഫാ. ജോൺസൻ അന്തിക്കാടൻ, ഫാ. ഡേവിസ് തെക്കേക്കര, ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ, ഫാ. ജോസഫ് മുരിങ്ങാത്തേരി എന്നിവർക്കും ജൂബിലിയുടെ അനുമോദനങ്ങളും പ്രാർത്ഥനകളും.

**6. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് പഴുവിൽ ഫൊറോന പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**7. പുതിയ ഫോൺ നമ്പർ:**

മണലാടി പള്ളി – 8078236321

**8. വൈദികരുടെ നിയമനം :**

1. **Fr. Jeomon Kalleri** – Permission to Incardinate to the Eparchy of Shamshabad, w.e.f. 09.03.2019

2. **ഫാ. ഇഗ്നേഷ്യസ് നന്തിക്കര** - ബലിയർപ്പണം കുരിയച്ചിറ സെന്റ് പോൾസ് കൂടി; സാധുത 2019 മാർച്ച് 9 മുതൽ.

3. **ഫാ. സെബി ചിറ്റിലപ്പിള്ളി** - വികാരി ഗുരുവായൂർ; സാധുത 2019 മാർച്ച് 20 മുതൽ.

4. **ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ** - നടത്തുവികാരി ഗുരുവായൂർ ഒഴിവായി; സാധുത 2019 മാർച്ച് 20 മുതൽ.

5. **ഫാ. ഷാജു ചിറയത്ത്** – ചികിത്സാവധി

6. **ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ** - വികാരി ഭരത & കപ്ലോൻ ഡി. എസ്. എസ്., ബലിയർപ്പണം എസ്. എം. സി. പൊന്നൂക്കര, തൃക്കൂർ വികാരി & കപ്ലോൻ എഫ്. സി. സി. ഒഴിവായി; സാധുത 2019 മാർച്ച് 20 മുതൽ.

7. **ഫാ. ജിയോ തരകൻ** - പഠനാവധി; വികാരി ഭരത & കപ്ലോൻ ഡി. എസ്. എസ്. ഒഴിവായി; സാധുത 2019 മാർച്ച് 20 മുതൽ.

8. **ഫാ. സിറിയക് ചാലിശ്ശേരി** - തൃക്കൂർ നടത്തുവികാരി & കപ്ലോൻ എഫ്. സി. സി.; സാധുത 2019 മാർച്ച് 20 മുതൽ.

9. **ഫാ. ജിയോ തരകൻ** - നടത്തുവികാരി ഒല്ലൂക്കര, ബലി യർപ്പണം എസ്. എം. സി. പൊന്നൂ ക്കര ഒഴിവായി; സാധുത 2019 മാർച്ച് 25 മുതൽ.

10. **ഫാ. ജോണി ആന്റണി പാറേക്കാട്ട്** - ചികിത്സാവധി; സാധുത 2019 മാർച്ച് 25 മുതൽ.

11. **ഫാ. സിബി ചെറുതോട്ടിൽ** - റസിഡന്റ് ടീച്ചർ മേരിമാത മേജർ സെമിനാരി; സാധുത 2019 മെയ് 22 മുതൽ.

12. **ഡീ. ലിവിൻ ചൂണ്ടൽ** – ഡീക്കൻ മിനിസ്ട്രി അരണാട്ടുകര; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

13. **ഡീ. ഷിന്റോ മാറോക്കി** – ഡീക്കൻ മിനിസ്ട്രി അത്താണി; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

14. **ഡീ. നോബിൾ കല്ലൂർ** OSH - ഡീക്കൻ മിനിസ്ട്രി ചേർപ്പ്; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

15. **ഡീ. നിധീഷ് തലച്ചിറ** - ഡീക്കൻ മിനിസ്ട്രി ചെവ്വൂർ; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

16. **ഡീ. റോജർ തരകൻ** - ഡീക്കൻ മിനിസ്ട്രി ചിയ്യാരം വിജയമാത; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31

വരെ.

17. **ഡീ. അനു ചാലിൽ** - ഡീക്കൻ മിനിസ്ട്രി കല്ലൂർ പടിഞ്ഞാറ്; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

18. **ഡീ. ബെൻജോ ചിറ്റാട്ടുകരക്കാരൻ SDV** - ഡീക്കൻ മിനിസ്ട്രി കണ്ണാറ; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

19. **ഡീ. ജോസഫ് ചിറ്റിലപ്പിള്ളി** - ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

20. **ഡീ. മേജോ മഞ്ഞാട്ടിലയാൻ** - ഡീക്കൻ മിനിസ്ട്രി പടവരാട്; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

21. **ഡീ. ഷിന്റോ തോമ്പിൽ SDV** - ഡീക്കൻ മിനിസ്ട്രി പാലക്കൽ; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

22. **ഡീ. ഗ്ലാഡ്രിൻ വട്ടക്കുഴി** – ഡീക്കൻ മിനിസ്ട്രി പീച്ചി; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

23. **ഡീ. ഫെബിൻ ചിറയത്ത്** – ഡീക്കൻ മിനിസ്ട്രി പുതുക്കാട്; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

24. **ഡീ. പ്രകാശ് പുത്തൂർ** – ഡീക്കൻ മിനിസ്ട്രി വേലൂർ; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

25. **ഡീ. ഷിജോ പള്ളിക്കുന്നത്ത്** - ഡീക്കൻ മിനിസ്ട്രി വെങ്ങിണിശ്ശേരി; സാധുത 2019 ഏപ്രിൽ 1 മുതൽ ആഗസ്റ്റ് 31 വരെ.

**9. പ്രത്യേക നിയമനം:**

**1. IT Cell : Dissolved (w.e.f. 11.03.2019)**

Fr. Demin Tharayil (Chairman)
Fr. Nysson Alanthanath (Convenor)
Fr. Daijo Poruthur (Secretary)
Fr. Pratheesh Kallarakkal (Jt. Secretary)
Fr. Roy Joseph Vadakkan (Member)
Fr. John Pavarttikaran (Member)
Fr. Anto Panengadan (Member)
Fr. Tinto Thalonikkra (Member)
Fr. David Nettikadan (Member)
Fr. Sijo Cheruvathur (Member)
Fr. Taiosn Mandumpal (Member)
Fr. Ditto Koola (Member)
Fr. Francis Koothur (Member)

Fr. Jomon Muringathery (Member)

2. **Media Commission : w.e.f. 11.03.2019**

Mar Tony Neelankavil (Chairman)

Msgr. Jose Vallooran (Member)

Fr. Raphael Akkamattathil (Member)

Mr. Franco Louis (Member)

Mr. Joshy Vadakkan (Member)

**Varoious Departments :**

Fr. Raphael Akkamattathil - Director Public Affairs, Spokesperson & Legal Cell

Fr. Demin Tharayil Director - Director Media Library & Digital Archives; Member of Software Department & Maintenance

Fr. Biju Alappat - Director Media Catholica, the Visiual Media Wing

Fr. Daijo Poruthur - Director Studio Complex

Fr. Ditto Koola - Finance Co-Ordinator of Media Commission

Fr. Pratheesh Kallarakkal - Secretary, Media Office

Fr. Nysson Alanthanath - Public Relations Department

Fr. Francis Koothur - Catholicasabha Monthly

3. **Liturgical Commission : w.e.f. 1.04.2019**

Fr. Mekkattukulam Jiphy

Fr. Thaikkattil Saijo

Fr. Vazhappilly Bilju

Fr. Pindiyan Sajan

Fr. Kollannur Antony

4. **Statues Renewal Committee : w.e.f. 1.04.2019**

Fr. Kuttikottayil Mathew (Convenor)

Fr. Aloor Francis (Co-Ordinator)

Fr. Poruthur Daijo (Secretary)

Fr. Chiriyankandath Shijo (Member)

Fr. Kollannur Antony (Member)

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മെയ് മാസത്തെ പരിപാടികൾ

# MAY 2019

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Morning | Holy Mass at Mukkattukara (Maydhina Kurbana – KLM) |
| | | Afternoon | Jubilee Holy Mass and Meeting at Nedupuzha |
| 02 | Thu | Morning | Fiat Mission at Angamali |
| | | Afternoon | CMC Sisters' Golden Jubilee at St Pauls Kuriachira |
| 03 | Fri | Morning | Curia Meeting, For the people |
| | | Evening | Baptism at Thiroor |
| 04 | Sat | Morning | Baptism at Avinissery |
| | | Afternoon | Jubilee and profession at SNDS Convent Mulayam |
| | | Evening | Thiruvillamala Edavakadhinam |
| 05 | Sun | | Pastoral Visit - Chiranellur |
| 06 | Mon | Morning | For Priests and Religious |
| 07 | Tue | | Curia Meeting, Office Work and Prayer Day |
| 08 | Wed | | CBCI Banglore |
| 09 | Thu | | CBCI Banglore |
| 10 | Fri | | CBCI Banglore |
| 11 | Sat | | CBCI Banglore |
| 12 | Sun | | Pastoral Visit - Kadangod |
| 13 | Mon | Afternoon | Catholica Sabha Core Meeting |
| | | Evening | JMMC Trust Meeting |

| | | | |
|---|---|---|---|
| 14 | Tue | Morning | Curia Meeting, For Priests & Religious |
| 15 | Wed | Morning | Consulters' Meeting |
| 16 | Thu | Morning | Holy Mass at Major Seminarians Conference & All Seminarians Day |
| | | Afternoon | Choondal Hospital & Convent Golden Jubilee Meeting |
| 17 | Fri | Morning | Holy Mass at Amballur, Curia Meeting, Office Work and Prayer Day |
| | | Evening | Putharackal Renovated Church Blessing |
| 18 | Sat | Morning | Silver Jubilee Holy Mass at Santi Bavan |
| | | Afternoon | Vestition at Minor Seminary |
| | | Evening | Pieta Blessing and Edavakadhinam at Kallur West |
| 19 | Sun | | Angelos 2019 at Lourdes Cathedral<br>Silver Jubilee Concluding Meeting at Varakkara |
| 20 | Mon | | Archdiocesan Day at Pazhuvil |
| 21 | Tue | Morning<br>Afternoon | Curia Meeting, For the People<br>Martha Sisters Vestition at Mannampetta |
| 22 | Wed | Afternoon | Theologians and Philosophers Meet at DBCLC |
| 23 | Thu | | |
| 24 | Fri | Morning | Curia Meeting, For Priests and Religious |
| 25 | Sat | Evening | Big Family Meet at DBCLC, Inauguration of Wadakanchery Palliative Care |
| 26 | Sun | | Pastoral Visit at Pullazhy |
| 27 | Mon | | |
| 28 | Tue | Morning | Curia Meeting, Office Work & Prayer Day |
| 29 | Wed | | Inter Curia Meeting at Irinjalakuda |
| 30 | Thu | | |
| 31 | Fri | Morning | Curia Meeting |
| | | Evening | Holy Mass at Chelakkara |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മെയ് മാസത്തെ പരിപാടികൾ

# MAY 2019

| Date | Day | Time | Description |
|---|---|---|---|
| 1. | Wed | Morning | Vallachira - *Kallidal*<br>Kuttoor- Ordination of Dn. Denny CSSR |
| 2-16. | | | Mission Congress CIAL- Canada |
| 17. | | | Kanjirappilly Doctrinal Commission Programme |
| 18. | Sat | Morning | For Priests and Religious |
| 19. | Sun | Morning | Poothirackal– Holy Mass |
| | | Noon | Family Apostolate- New Couples Day |
| | | Evening | Angelos 2019<br>Pazhuvil - Archdiocesan Day |
| 20. | Mon | | Curia Meeting |
| 21. | Tue | | Deacon's Family Visit |
| 22. | Wed | Morning | Theologians & Philosophians Conference |
| | | Evening | Vellakkarithadom - Grotto Blessing |
| 23. | Thu | Morning | Ollur - Golden Jubilee |
| | | Evening | Pazhayannoor- Convent Blessing |
| 24. | Fri | Morning | Curia Meeting, Deacons Family Visit |
| | | Evening | Visitors' Time |
| 25. | Sat | Morning | Perinchery- First Holy Communion |

| | | | |
|---|---|---|---|
| | | Afternoon | Chowannoor- Mareena Home - H.Mass |
| | | Evening | Konchira -Kooduthurackal |
| 26. | Sun | Morning | Family Apostolate - Deaf & Dumb |
| | | Evening | Peramangalam -125 Anniversary of Parish |
| 27. | Mon | Morning | Engaged |
| 28. | Tue | Morning | Curia Meeting |
| 29. | Wed | Morning | Irinjalakuda - Intercuria Meeting |
| 30. | Thu | Morning | For Priests & Religious |
| 31. | Fri | Morning | Curia Meeting<br>Visitors' Time |
| | | Evening | Aramppilly - Holy Mass |



# നാളാഗമം

## മാർച്ച് 2019

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മരത്താക്കരയിലെ എഫ്.സി.സി. കോൺവെന്റിന്റെ പ്ലാറ്റിനം ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ആർച്ച് ബിഷപ്സ് ഹൗസിൽ തൃശ്ശൂർ അതിരൂപതയുടെ പുതിയ സംരംഭമായ മീഡിയ കത്തോലിക്ക സ്റ്റുഡിയോയുടെ ആശീർവാദകർമ്മവും ഉദ്ഘാടനവും നിർവഹിച്ചു. കളമശ്ശേരിയിൽ XIME യുടെ നേതൃത്വത്തിൽ An Action Oriented Conclave of Principals and Managers of Kerala Catholic Congress നടത്തിയ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജിൽ സാമ്പത്തികശാസ്ത്രവകുപ്പ് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് ആലപ്പാട് വച്ച് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രളയത്തിൽ തകർന്ന കുടുംബങ്ങൾക്കുള്ള ഫണ്ട് വിതരണം നടത്തി. വൈകുന്നേരം വിമല കോളേജിന്റെ വാർഷിക ദിനാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് മലയാറ്റൂ

രിൽ മരണപ്പെട്ട ബഹു. സേവ്യർ തേലക്കാട്ടച്ചന്റെ ഒന്നാം ചരമ വാർഷികദിനാചരണത്തിൽ പങ്കെടുത്തു.

2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മച്ചാട് ഇടവകയിൽ വി. ബലിയർപ്പിക്കുകയും വീട് വെഞ്ചരിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് പല്ലിശ്ശേരി ഇടവകയിൽ പുതിയ ചാരിറ്റി കോൺവെന്റിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിൽ നടന്ന റിസർച്ച് സ്കോളേഴ്സിന്റെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് വെണ്ടോർ സെന്റ് മേരീസ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എടപ്പാളിൽ പുതിയ കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചതിരിഞ്ഞ് കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടത്തിയ അത്മായ നേതൃസംഗമം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുണ്ടത്തിക്കോട് ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതിയ ദൈവാലയത്തിന്റെ പ്രധാനകവാടം ആശീർവദിക്കുകയും ചെയ്തു. മരത്താക്കാര ഇടവകയിൽ നടന്ന യുവജനസംഗമം ഉദ്ഘാടനം ചെയ്യുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ചേലക്കരയിലെ മണ്ണാത്തിപ്പാറയിൽ പുതിയ കുരിശടിയുടെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. വൈകുന്നേരം തലക്കോട്ടുകര ഇടവകയുടെ നൂറാം വാർഷികം ഉദ്ഘാടനം ചെയ്തു.

4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ വിഭൂതിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പാലയൂരിൽ വ്രതാരംഭ കൂട്ടായ്മയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കരിക്കുറി തിരു നാളിനോടനുബന്ധിച്ച് ബസിലിക്കയിൽ വി. ബലിയർപ്പിച്ചു.

5. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. സെന്റ് തോമസ് കോളേജിലെ അവാർഡ് ദാന ചടങ്ങിലും ഡി.ബി.സി.എൽ.സി.യിൽ നടന്ന വൈദികമാസധ്യാനത്തിലും മീറ്റിംഗിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. വൈകിട്ട് അതിരൂപതാദിനത്തോടനുബന്ധിച്ച് പ്രാരംഭ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ആർച്ച്ബിഷപ്സ് ഹൗസിൽ പാലയൂർ തീർത്ഥാടന ഓഫീസ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ്

പാലയൂർ തീർത്ഥാടനത്തോടനു ബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

6. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കൊഴുക്കുള്ളി ഇടവ കയിൽ വി. ബലിയർപ്പിച്ചു. തൃശ്ശൂർ അതിരൂപതയിലെ സഹവികാരിമാരുമായി അഭി വന്ദ്യപിതാക്കന്മാർ കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് മേരിമാത മേജർ സെമി നാരിയിലെ മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ ക്കായി വി. ബലിയർപ്പിച്ചു. ശേഷം മമ്മിയൂരിൽ സി. കാർമ്മ ലീന എഫ്.സി.സിയുടെ മൃതസംസ്കാര ശുശ്രൂഷ കൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

7. അഭിവന്ദ്യപിതാക്കന്മാർ രാവിലെ ഫൊറോനവികാരി മാരുടെ യോഗത്തിലും ഉച്ച കഴിഞ്ഞ് ഫോർമേറ്റേഴ്സ് മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് മേരീസ് മൈനർ സെമിനാ രിയിൽ വി. ബലിയർപ്പിച്ചു.

8. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ് തോലേറ്റിൽ വനിതാദിന ആഘോഷങ്ങളിൽ ആശംസ യർപ്പിച്ചു. എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നിത്യവ്രതത്തിനൊരുങ്ങുന്ന സിസ്റ്റേഴ്സുമായി ഇന്റർവ്യൂ നടത്തി. തുടർന്ന് തലോരി ലുള്ള എസ്.ഡി.വി. സെമിനാരി യിലെ വൈദിക വിദ്യാർത്ഥി കളുമായി സംവദിക്കുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിലെ ഊർജ്ജതന്ത്രവിഭാഗത്തിന്റെ സ്റ്റാഫ് മീറ്റിംഗിൽ സംബ ന്ധിച്ചു. വൈകുന്നേരം മേരി മാത മേജർ സെമിനാരിയിൽ മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തി.

9. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർ പ്പിച്ചു. സെന്റ് തോമസ് കോളേ ജിൽ നടന്ന പി. ആർ. ഒ. മാരുടെ മീറ്റിംഗിൽ “മാധ്യമ നിർവഹണ ശില്പശാല'' ഉദ്ഘാടനം ചെയ്തു. വൈകിട്ട് കോലഴി യിൽ സി. വ്ളാഡിമിർ സി. എം. സി. യുടെ മൃതസംസ് കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മി കത്വം വഹിച്ചു. അഭി വന്ദ്യ ടോണി പിതാവ് രാവിലെ ശാന്തി ധാം കോൺവെന്റിൽ വി. ബലി യർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജിലെ മെഡ്ലി ക്കോട്ട് ഹാളിൽ നടന്ന ഇടവക പി.ആർ.ഒ. മാർക്കു വേണ്ടിയുള്ള ക്ലാസ്സിൽ പങ്കെടുത്തു. സെന്റ് പോൾസ് സ്കൂളിൽ നടന്ന കേരള അസോസിയേഷൻ ഓഫ് ഓർഫനേജ് & ചാരി റ്റബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷി

ക യോഗം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ഇടയസന്ദർശനത്തിനായി നെല്ലങ്കര ഇടവകയിലേക്കു പോയി.

10. അഭിവന്ദ്യ താഴത്ത് പിതാവ് ചിറക്കൽ ഇടവകയിൽ ഇടയ സന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് നെല്ലങ്കര ഇട വകയിൽ ഇടയസന്ദർശനം നടത്തി.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പറപ്പൂരിലുള്ള സി.എം. സി. ഫോർമേഷൻ ഹൗസിൽ വി. ബലിയർപ്പിക്കുകയും മീറ്റിം ഗിൽ പങ്കെടു ക്കുയും ചെയ്തു. ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന തൃശ്സൂർ അതി രൂപതയിലെ കപ്യാരുമാരുടെ മീറ്റിംഗിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് ഇടയ സന്ദർശ നത്തിന്റെ ഭാഗമായി കോൺവെന്റിൽ വി. ബലിയർ പ്പിക്കുകയും തുടർന്ന് രോഗീ സന്ദർശനം നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ ജൂബിലി ബ്ലോക്കിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം കത്തോലിക്കാസഭ പത്രത്തി ന്റെ എഡിറ്റോറിയൽ മീറ്റിംഗി ലും ജൂബിലി മെഡിക്കൽ കോളേജിന്റെ മീറ്റിംഗിലും പങ്കെ ടുത്തു.

12–13 അഭിവന്ദ്യ താഴത്ത് പിതാ ക്കന്മാർ പാലക്കാട് നടന്ന ബിഷപ്പുമാരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

13. അഭിവന്ദ്യ ടോണി പിതാവ് ഉച്ചകഴിഞ്ഞ് മുണ്ടൂരിൽ സി. വലന്റീന എഫ്.സി.സി.യുടെ മൃതസംസ്കാരത്തിന് മുഖ്യ കാർമ്മികത്വം വഹിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വടക്കാഞ്ചേരി ഇട വകയിൽ വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് വൈദികസമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആമ്പല്ലൂരിൽ നട ത്തുന്ന വിവാഹ ഒരുക്ക കോഴ്സിൽ വി. ബലിയർപ്പിച്ചു. അഭയം പാലിയേറ്റീവ് കെയർ ആശുപത്രി സന്ദർശിക്കുകയും ആശംസയർപ്പിക്കുകയും ചെയ്തു. കാരിത്താസ് ഇന്ത്യ യുടെയും സാന്ത്വനത്തിന്റെയും നേതൃത്വത്തിൽ പ്രളയ ദുരിത ത്തിൽപ്പെട്ട 75 പേർക്ക് ആടു കളെ വാങ്ങുന്നതിനുള്ള ചെക്ക് വിതരണം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിലെ അധ്യാപ കരെ കാണുന്നതിനായി മാറ്റി വച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വെട്ടുകാട് ഇടവ കയിൽ വി. ബലിയർപ്പിക്കു കയും തുടർന്ന് പ്രളയ ദുരന്ത ത്തിൽപ്പെട്ടവർക്കായുള്ള 2 വീടു കൾ വെഞ്ചരിച്ച് നൽകുകയും

ചെയ്തു. പാലയ്ക്കലിലുള്ള എസ്. ഡി. കോൺ വെന്റിലെ സി. ഗ്രാസിയയുടെ മൃതസം സ്കാര ശുശ്രൂഷയിൽ കാർമ്മി കത്വം വഹിച്ചു. ഉച്ച കഴിഞ്ഞു പാക്ട് ജനറൽ ബോഡി മീറ്റിം ഗിൽ അധ്യ ക്ഷത വഹിച്ചു. വൈകിട്ട് ഡി.ബി.സി.എൽ. സി.യിൽ വച്ച് നടന്ന ദീപിക യുടെ 132-ാം വാർഷികത്തിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിലെ സ്റ്റാഫി ന്റെ ഇൻഡസ്ട്രിയൽ സന്ദർശന ത്തിൽ പങ്കെടുത്തു. ഉച്ചകഴി ഞ്ഞ് പാക്ടിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം കത്തോലിക്കാസഭ പത്രത്തി ന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് പാത്രമംഗലം ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മനക്കൊടി ദൈവാല യത്തിൽ ഊട്ടുതിരുനാളി നോടനുബന്ധിച്ച് വി. ബലിയർ പ്പിക്കുകയും പാരിഷ് ഹാളിന്റെ കല്ലിടൽ കർമ്മം നിർവഹിക്കു കയും ചെയ്തു. ഉച്ചക്ക് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന ദമ്പതിമാരുടെ തുടർപരി ശീലന പരിപാടിയിൽ പങ്കെടുത്തു. ഉച്ച തിരിഞ്ഞ് കാത്തലിക് കോൺ ഗ്രസ്സിലെ അംഗങ്ങൾക്കായി ക്ലാസ്സെടുത്തു. വൈകുന്നേരം വേലൂർ ഇടവകയിൽ 'അർണോസ് ത്രിസന്ധ്യ' ഉദ്ഘാടനം ചെയ്തു.

18-20 അഭിവന്ദ്യ പിതാക്കന്മാർ മേരിമാത മേജർ സെമിനാരി യിൽ നടന്ന അതിരൂപത വൈദികർക്കായുള്ള ലിവ് & ലേൺ പരിപാടിയിൽ പങ്കെ ടുത്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് മുളയത്തുളള നിർമ്മലദാസി നോവിഷ്യറ്റ് ഭവനത്തിൽ സി. മേരി മേനോത്തിന്റെ മൃത സംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. വൈകിട്ട് കാക്കനാട് പെർമനന്റ് സിനഡിൽ പങ്കെടുക്കാൻ പോയി.

21. അഭിവന്ദ്യപിതാക്കന്മാർ രാവിലെ ആർച്ച്ബിഷപ്സ് ഹൗസിൽ കൂടിയ ആലോചന സമിതി യോഗത്തിൽ പങ്കെടു ത്തു. ഉച്ചകഴിഞ്ഞ് ചേറൂരുള്ള ആബാ ധ്യാനകേന്ദ്രത്തിൽ ധ്യാന ഗുരുക്കന്മാരുടെ കൂട്ടായ്മ യിൽ സന്ദേശങ്ങൾ നൽകി. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിൽ വർഷാ വസാന പരിപാടിയിൽ പങ്കെ ടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെ 'ഫെയർവെൽ & അവാർഡ് ഡേ' ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ ഒരുക്ക കോഴ്സിൽ

പങ്കെടുക്കുന്നവർക്കായി വി. ബലിയർപ്പിച്ചു. ഉച്ചക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ച കഴിഞ്ഞ് സെന്റ് തോമസ് കോളേജിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

23. അഭിവന്ദ്യ പിതാക്കന്മാർ തൃശ്ശൂർ ഡി. ബി. സി. എൽ. സി. യിൽ നടന്ന അവിഭക്ത തൃശ്ശൂർ രൂപതയുടെ പ്രസ്ബിറ്ററൽ & പാസ്റ്ററൽ കൗൺസിൽ സുവർണ്ണ ജൂബിലി മീറ്റിംഗിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൊക്കാല സി.എസ്.സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം സാഹിത്യ അക്കാദമിയിൽ നടന്ന അർണോസ് പാതിയുടെ 287–ാമത് ചരമ വാർഷികത്തോട നുബന്ധിച്ചു നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് വലപ്പാട് ഇടവകയിൽ ഇടയ സന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണലൂർ കിഴക്കേപള്ളിയിൽ ഊട്ടു തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ലോക സി. എൽ. സി. ദിനാചരണം അരണാട്ടുകരയിൽ ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന അയൽക്കൂട്ടത്തിന്റെ വാർഷിക യോഗം ഉദ്ഘാടനം ചെയ്തു.

25–27 അഭിവന്ദ്യ പിതാക്കന്മാർ മേരിമാത മേജർ സെമിനാരിയിൽ നടന്ന അതിരൂപത വൈദികർക്കായുള്ള ലിവ് & ലേൺ പ്രോഗ്രാമിൽ പങ്കെടുത്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തിരുവില്ല്വാമല ഗുരുകുലത്തിൽ വി. ബലിയർപ്പിക്കുകയും തുടർന്ന് വൈദിക വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. ജൂബിലി മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച ഡയമണ്ട് ജൂബിലി ബ്ലോക്കിന്റെ താഴത്തെ നിലയുടെ ആശീർ വാദകർമ്മം നിർവഹിച്ചു. ഉച്ചതിരിഞ്ഞ് വരടിയം സി.എസ്.സി. കോൺവെന്റിൽ സി. ജസ്റ്റിന്റെയും സി. പ്രീമയു ടെയും മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

27. അഭിവന്ദ്യ താഴത്ത് പിതാവ് ഒമ്പതാം ലൂർദ്ദ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് വൈകുന്നേരം പുത്തൂർ ഫൊറോനതല കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങൾ നൽകി. അഭിവന്ദ്യ ടോണി പിതാവ് സേക്രഡ് ഹാർട്ട് കോൺവെന്റിൽ രാവിലെ വി. ബലിയർ പ്പിച്ചു. സെന്റ് തോമസ് കോളേജിലെ സ്റ്റാഫ്

മീറ്റിംഗിൽ പങ്കെടുത്തു. മൈനർ സെമി നാരിയിൽ നടന്ന ചെറു പട്ടങ്ങൾ നൽകുന്ന ശുശ്രൂഷയിൽ സംബന്ധിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് എൽത്തുരുത്ത് ഇടവ കയിൽ 40 മണിക്കൂർ ആരാധനയ്ക്ക് തുടക്കം കുറിച്ചു കൊണ്ട് വി. ബലിയർപ്പിച്ചു. വൈകിട്ട് പാലയൂർ പരിശുദ്ധാത്മാഭിഷേക കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൻപീടിക ഇടവകയിൽ നാല്പത് മണിക്കൂർ ആരാധന വി. ബലിയോടുകൂടി ആരം ഭിച്ചു. മൂന്നാം വർഷ ദൈവ ശാസ്ത്ര–തത്വശാസ്ത്ര വിദ്യാർത്ഥികളുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ ഗവേണിംഗ് ബോഡി യോഗത്തിൽ പങ്കെടുത്തു.

30. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് കോളങ്ങാട്ടുകര പാരിഷ് ഹാൾ വെഞ്ചരിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കുറുമാൽ ധ്യാനകേന്ദ്രത്തിൽ നടന്ന തൃശ്ശൂർ അതിരൂപത ജീസസ് യൂത്ത് മീറ്റിംഗിൽ പങ്കെടുത്ത് പുതിയ ലീഡേഴ്സിനെ (യൂത്ത് സ്ട്രീം & ഫാമിലി സ്ട്രീം) അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. അഭിവന്ദ്യ ടോണി പിതാവ് ആമ്പക്കാട് ഇടവകയിൽ രാവിലെ വി. ബലിയർപ്പിച്ചു. തുടർന്ന് ഡി. ബി. സി. എൽ. സി. യിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ക്ലാസ്സെടുത്തു. വൈകുന്നേരം കൊമ്പഴ ഇടവകയിൽ വി. ബലിയർപ്പിക്കുകയും സെമിത്തേരി യുടെ ആശീർവാദകർമ്മം നടത്തുകയും ചെയ്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുണ്ടൂർ ഇടവകയിൽ പുതുതായി പണിത ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. തൃശ്ശൂർ അതി രൂപത ദർശന സമൂഹത്തിന്റെ പതിനൊന്നാം വാർഷിക കൺവെൻഷനിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഉച്ചതിരിഞ്ഞ് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സംഗമത്തിൽ ''പറേസിയ'' അധ്യക്ഷത വഹിച്ചു. വൈകിട്ട് പുത്തൂർ കൺവെൻഷനിൽ സമാപനസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് ഏനമ്മാവിൽ ദർശനസഭയുടെ വാർഷികത്തിന്റെ ഭാഗമായി വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് പാലോക്കാരൻ സ്ക്വയറിൽ നടന്ന കുടുംബകൂട്ടായ്മ ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം ഒല്ലൂർ ഇടവകയിലെ നാല്പത് മണിക്കൂർ ആരാധനയുടെ സമാപനത്തിന് കാർമ്മികത്വം വഹിച്ചു. തുടർന്ന് ലൂർദ്ദ് ഇടവക കൺവെൻഷനിൽ സമാപന സന്ദേശം നൽകി.





## നാമകരണനടപടികൾ

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

09.03.2019 രാവിലെ 09.30 ന് കുരിശിന്റെ വഴി പ്രാർത്ഥനയോടെ തിരുകർമ്മങ്ങൾ ആരംഭിച്ചു. ഇരിങ്ങാലക്കുട രൂപതയിലെ റവ.ഫാ.വിൽസൻ ഈരത്തറ ദിവ്യബലിയ്ക്കും ആരാധനയ്ക്കും പ്രഭാഷണത്തിനും കാർമ്മികത്വം വഹിച്ചു. പോട്ട ഡി പോൾ പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റ്റേഴ്സും ഇടവകജനവും ഊക്കനച്ചന്റെ അനുസ്മരണ പരിപാടികളിൽ പങ്കെടുത്തു.

ഈശോയുടെ ജീവിതമായിരുന്നു ഊക്കനച്ചന്റെ പ്രചോദകശക്തി. ഈ ശക്തിയാൽ അദ്ദേഹം വീടുവീടാന്തരം കയറിയിറങ്ങി ഓരോ കുടുംബത്തെയും കുറിച്ച് പഠിച്ച് ആ കുടുംബത്തിന്റെ പ്രശ്നങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരെ ഈശോയിലേയ്ക്ക് അടുപ്പിച്ചു. കുടുംബമാണ് എല്ലാറ്റിന്റെയും അടിത്തറ എന്ന തിരിച്ചറിവാണ് ഊക്കനച്ചനെ അതിന് പ്രേരിപ്പിച്ചത്. എട്ടുവർഷം സെമിനാരി റെക്ടറായിരുന്ന ഊക്കനച്ചൻ സെമിനാരി വിദ്യാർത്ഥികൾക്ക് ഒരേ ഒരു ഉപദേശം മാത്രമെ നൽകിയുള്ളു. ഈശോയിൽ നിന്ന് പഠിക്കുക, ഈശോയെപ്പോലെ ആകുക. അൾത്താരയുടെ പരിശുദ്ധിയിൽ ഈശോ പഠിപ്പിച്ച കാര്യങ്ങൾ ധ്യാനിക്കുമ്പോൾ ഈശോയെപ്പോലെയാകാൻ സാധിക്കും. പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയെയും പൗരോഹിത്യധർമ്മത്തെയും പറ്റി ആഴമേറിയ വിശ്വാസബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഊക്കനച്ചന് പുരോഹിതൻ മറ്റൊരു ക്രിസ്തുവും, ഒരു ദിവസത്തിന്റെ കേന്ദ്രസംഭവം വി.കുർബാനയുമാണ്. വി. കുർബാനയെ സ്നേഹിച്ച് ബലിജീവിതം നയിക്കുവാൻ എല്ലാവർക്കും സാധിക്കണമെന്ന് സ്വപ്നം കണ്ട വ്യക്തിയാണ് ഊക്കനച്ചൻ. തുടർന്ന് മദ്ധ്യസ്ഥപ്രാർത്ഥന, ഊട്ടുവെഞ്ചിരിപ്പ് എന്നിവ ഉണ്ടായിരുന്നു. ചൊവ്വന്നൂർ പള്ളി വികാരി ഫാ.അനീഷ് നെല്ലിക്കൽ ഏവർക്കും നന്ദിപറഞ്ഞു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം



### 1. തെരട്ട് ഫോറം

ഈ വർഷത്തെ തെരട്ട് ഫോറം ഫിനാൻസ് ഓഫീസിൽ നിന്ന് ഫൊറോനകളിൽ എത്തിച്ചിരിക്കുന്നു. ഇടവകകൾ ഫൊറോനയിൽ നിന്ന് അവരവരുടെ തെരട്ട് ഫോറം വാങ്ങേണ്ടതാണ്.

### 2 കാരുണ്യാ ട്രസ്റ്റ്

| | |
|---|---|
| 1 .ഭവന നിർമ്മാണം | –42500 |
| 2. ചികിത്സ | –44500 |
| 3. വിവാഹ സഹായം | –83500 |
| 4. സഹായം | – 12050 |

### 3. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം

| | |
|---|---|
| 1. പല്ലിശ്ശേരി | – 5000 |
| 2. വരാക്കര സൗത്ത് | – 5000 |


### 4.സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ

| | |
|---|---|
| 1. വാക | – 200000 |
| 2. പൊന്നാനി | – 200000 |
| 3. ആർത്താറ്റ് | – 27390 |

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# ആദരാഞ്ജലികൾ



**റവ. ഫാ. റാഫേൽ ചിറ്റിലപ്പിള്ളി**
10.10.1930 - 07.04.2019

ആത്മീയ ചിന്തകൾ സാധാരണക്കാരിലേക്കെത്തിക്കാൻ അത്മാർത്ഥമായി അധ്വാനിച്ച എഴുത്തുകാരൻ, ധ്യാനഗുരു, കർമ്മ നിരതനായ വികാരി എന്നിങ്ങനെ സേവനമേഖലയിൽ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ **റവ. ഫാ. റാഫേൽ ചിറ്റിലപ്പിള്ളി** 2019 ഏപ്രിൽ 7ന് ഞായർ പുലർച്ച 4 മണിക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

പറപ്പൂർ ഇടവകയിലെ ചിറ്റിലപ്പിള്ളി ചേറു + കുഞ്ഞേത്തി ദമ്പതികളുടെ മകനായി 1930 ഒക്ടോബർ 10 ന് ബഹു. റാഫേൽ അച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1960 മാർച്ച് 13ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അജപാലന ഔത്സുക്യത്തോടെ ക്രിസ്തുവിനുവേണ്ടി ആത്മക്കളെ നേടുവാനുള്ള ഉൾവിളിയുമായി പുത്തൻപീടിക, ഇരിഞ്ഞാലക്കുട കത്തീഡൽ ഇടവകകളിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം മൂർക്കനാട്, കാറളം ഈസ്റ്റ്, പുതു

ശ്ശേരി, പാറന്നൂർ, വിജയപുരം (ചേറൂർ), പൂവത്തൂശ്ശേരി, പാറക്കടവ്, നെല്ലിക്കുന്ന്, പുത്തൂർ, മുണ്ടൂർ, പാവർട്ടി, പെരുവല്ലൂർ, മുണ്ടത്തിക്കോട്, കുട്ടംകുളം, അമ്മാടം, വെങ്ങിണിശ്ശേരി, മണ്ണംപേട്ട, പടവരാട്, നിർമ്മലപുരം, വടൂക്കര, പനമുക്ക്, കോട്ടപ്പടി, മുല്ലശ്ശേരി, കുരിയച്ചിറ എന്നീ പള്ളികളിൽ വികാരിയായും വേലൂർ, ഒല്ലൂർ എന്നിവിടങ്ങളിൽ ഫൊറോനവികാരിയായും സേവനം ചെയ്തിട്ടുണ്ട്.

മൃതദേഹം 08.04.2019 തിങ്കളാഴ്ച സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിലെ വി. ബലിക്കും പ്രാർത്ഥനകൾക്കുശേഷം രാവിലെ 8 മണിക്ക് മൃതദേഹം മുക്കാട്ടുകരിലുള്ള സഹോദരപുത്രന്റെ ഭവനത്തിലേക്ക് കൊണ്ടുപോയി പൊതുദർശനത്തിനു വച്ചു. മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം തിങ്കളാഴ്ച രാവിലെ 10 മണിക്ക് സഹോദര പുത്രന്റെ ഭവനത്തിൽ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി. തുടർന്ന് മൃതദേഹം മുക്കാട്ടുകര ഇടവക ദൈവാലയത്തിലേക്ക് കൊണ്ടുപോകുകയും പൊതുദർശത്തിനു വയ്ക്കുകയും ചെയ്തു. മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗം മാർ ടോണി പിതാവിന്റെ നേതൃത്വത്തിലും തുടർന്ന് മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി നടത്തപ്പെടുകയും ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് അനുസ്മരണപ്രഭാഷണം നടത്തി. മൃതസംസ്കാരശുശ്രൂഷയുടെ തുടർന്നുള്ള ഭാഗങ്ങൾക്ക് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

കർത്താവിന്റെ മുന്തിരിതോപ്പിൽ അഹോരാത്രം അധ്വാനിച്ച ബഹു. അച്ചൻ സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനങ്ങൾക്ക് നിത്യവിധിയാളനായ ഈശോ മഹത്വത്തിന്റെ കിരീടം പ്രതിസമ്മാനമായി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ!!!




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് കരിപ്പേരി | 01 |
| ഫാ. ജോൺ മൂലൻ | 03 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 03 |
| ഫാ. രാജു അക്കര | 04 |
| ഫാ. ജെയ്സൻ മാറോക്കി | 04 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 04 |
| ഫാ. ജോസഫ് വൈക്കാടൻ | 05 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 05 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 07 |
| ഫാ. സെബാസ്റ്റ്യൻ പെരുട്ടിൽ | 07 |
| ഫാ. സിന്റോ തൊറയൻ | 08 |
| ഫാ. പോൾ പേരാമംഗലത്ത് | 08 |
| ഫാ. ആന്റണി മേനാച്ചേരി | 10 |
| ഫാ. ജോജു പനക്കൽ | 11 |
| ഫാ. അനുവിൻ താണിക്കൽ | 11 |
| ഫാ. ലൂവീസ് ചാലക്കൽ | 13 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 14 |
| ഫാ. പോൾ തേക്കാനത്ത് | 14 |
| ഫാ. ആന്റണി അമ്മുത്തൻ | 15 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 15 |
| ഫാ. മാത്യു വെട്ടത്ത് | 15 |
| ഫാ. ജോബ് പടയാട്ടിൽ | 16 |
| ഫാ. ജോൺ (ബിജു) പാണേങ്ങാടൻ | 19 |
| ഫാ. റാഫേൽ മുത്തുപീടിക | 19 |
| ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 19 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ടോണി അരിമ്പൂർ | 21 |
| ഫാ. ജോസ് എടക്കളത്തൂർ | 21 |
| ഫാ. വിനോയ് വാഴപ്പിള്ളി | 21 |
| ഫാ. പോൾ കാട്ടൂക്കാരൻ | 21 |
| ഫാ. സിന്റോ പൊറത്തൂർ | 21 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 23 |
| ഫാ. അലക്സ് മരോട്ടിക്കൽ | 25 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 27 |
| ഫാ. ജോൺ ചെമ്മണ്ണൂർ | 27 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 29 |
| ഫാ. സൈജോ തൈക്കാട്ടിൽ | 29 |
| ഫാ. മേജോ മരോട്ടിക്കൽ | 30 |
| ഫാ. ഡെന്നി ചിറയത്ത് | 30 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 31 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 01 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 01 |
| ഫാ. ജോബി പുത്തൂർ | 01 |
| ഫാ. ജോസ് തത്രത്തിൽ | 01 |
| ഫാ. ജോസഫ് വൈക്കാടൻ | 01 |
| ഫാ. ജേക്കബ് ചെറയത്ത് | 03 |
| ഫാ. ഡൊമിനി ചാഴൂർ | 06 |
| ഫാ. ഡൊമിനിക് തലക്കോടൻ | 06 |
| ഫാ. സാവിയോ (ടിന്റോ) തലോണിക്കര | 06 |
| ഫാ. സൈജൻ വാഴപ്പിള്ളി | 10 |
| ഫാ. ജോയ് കിടങ്ങൻ | 16 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 16 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. എരിഞ്ഞേരി മാർസെലിനിയോസ് | 12–05–1892 |
| ഫാ. അമ്പൂക്കൻ യോഹന്നാൻ | 09–05–1929 |
| ഫാ. ചീരമ്പൻ പൊറിഞ്ചു | 07–05–1933 |
| ഫാ. ചെറയത്ത് ഔസേപ്പ് | 10–05–1936 |
| ഫാ. ആലപ്പാട്ട് ജോൺ | 07–05–1944 |
| മോൺ. എടക്കളത്തൂർ മാത്യു | 20–05–1947 |
| ഫാ. അമ്പൂക്കൻ അഗസ്റ്റിൻ | 16–05–1951 |
| മോൺ. പുതുശ്ശേരി ആന്റണി | 25–05–1957 |
| ഫാ. പാലയൂർ ജോർജ്ജ് | 27–05–1958 |
| ഫാ. അക്കര ജോൺ | 09–05–1963 |
| ഫാ. അറക്കൽ ജേക്കബ് | 13–05–1965 |
| ഫാ. പാറനിലം ജോസഫ് | 29–05–1970 |
| ഫാ. വടക്കൂട്ട് ജേക്കബ് | 19–05–1971 |
| ഫാ. താണിക്കൽ മാത്യു | 13–05–1972 |
| ഫാ. തെക്കിനിയത്ത് ആന്റണി (സീനിയർ) | 05–05–1976 |
| ഫാ. വലിയവീട്ടിൽ ജോർജ്ജ് | 10–05–1976 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 20–05–1979 |
| ഫാ. വേഴപറമ്പിൽ ജേക്കബ് | 10–05–1981 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 15–05–1989 |
| ഫാ. മഞ്ഞളി പോൾ (സീനിയർ) | 11–05–1995 |
| ഫാ. ചിറ്റിലപ്പിള്ളി ജോർജ്ജ് | 31–05–1996 |
| ഫാ. പെല്ലിശ്ശേരി ആന്റണി | 23–05–1999 |
| ഫാ. ആളൂർ ജെയിംസ് | 17–05–2009 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 13–05–2010 |
| ഫാ. പോൾ പുതുശ്ശേരി | 18–05–2011 |
| ഫാ. ആന്റോ കൂള | 13–05–2016 |



# ■ സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ – മാർച്ച് 2019

**1. സി.എം.സി**

രണ്ട് ദിനങ്ങളിലായി ഒല്ലൂർ എവുപ്രാസ്യ സെന്ററിൽ വച്ച് നടത്തിയ നവീകരണ പരിപാടികൾക്ക് ഫാ. ജോർജ്ജ് സി.എസ്.ടി., ഫാ. ആന്റണി സി.എസ്.ടി. എന്നിവർ നേതൃത്വം വഹിച്ചു. വിവിധ ബാച്ചുകളിൽപ്പെട്ട 110 സിസ്റ്റേഴ്സ് ഇതിൽ പങ്കെടുത്ത് ആത്മീയോർജ്ജം സ്വന്തമാക്കി. 3 ന്ആലുവ ജനറലേറ്റിൽ വച്ച് നടന്ന CMC Accademy Meeting ൽ അസി. പ്രൊവിൻഷ്യൽ സി. ക്രിസ്‌ലിൻ, സി. ലിസ്, സി. ടെസ്ന എന്നിവർ പങ്കെടുത്തു. 16 ന് തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ പ്രൊ വിൻഷ്യൽ കൗൺസിൽ പ്രാർത്ഥനയിൽ ചിലവഴിച്ചു. 24 മുതൽ തൃശ്ശൂർ കാർമ്മൽ ശാന്തിധാമിൽ വെച്ച് CET യുടെ നേതൃത്വത്തിൽ സി. ജെ യ്സ്, സി. ജോളി, സി. കൊച്ചുത്രേസ്യ എന്നിവർ നടത്തിയ മൂന്ന് ദിവസത്തെ Evangelization and Christeen Training Programme ൽ 24 സിസ്റ്റേഴ്സ് പങ്കെടുത്തു. 29 മുതൽ Fr.Thomas Kaduthanam OCD യുടെ നേതൃത്വത്തിൽ നടത്തിയ മൂന്ന് ദിവസത്തെ ദൈവവിളി ധ്യാനത്തിൽ 78 കുട്ടികൾ പങ്കെടുത്തു.

**2. എഫ്.സി.സി.**

8–ാം തീയതി തൃശ്ശൂർ അതിരൂപത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ഈ വർഷം നിത്യവ്രതവാഗ്ദാനം നടത്തുന്ന 7 ജൂനി യേഴ്സിന് പേഴ്സണൽ ഇന്റർവ്യു നടത്തി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന കോർഗ്രൂപ്പ് ജാഗരണപ്രാർത്ഥനയിലും Young Seniors Meet ലും ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു. 9, 12 തീയതിക ളിലായി കാക്കാനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് സീറോ മലബാർ സഭയിലെ എല്ലാ കോൺഗ്രിഗേഷനിലെയും വൊക്കേഷൻ പ്രൊമോട്ടേ

ഴ്സിനായി നടന്ന മീറ്റിംഗിലും ബിഷപ്പു ഹൗസിൽ വെച്ച് തൃശ്ശൂർ അതിരൂപതയിലെ എല്ലാ കോൺഗ്രിഗേഷനിലെയും വൊക്കേഷൻ പ്രൊമോട്ടേഴ്സിനായി നടത്തിയ മീറ്റിംഗിലും സി. ജീസ്മ തെരേസ് പങ്കെടുത്തു. ഉപവാസ പ്രാർത്ഥനാസമ്മേളനം 16–ാം തീയതി ശനിയാഴ്ച ഗുരുവായൂർ ലിസ്യു കോൺവെന്റിൽ വെച്ച് നടന്നു. 17–ാം തീയതി അസ്സിസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന ഹെൽത്ത് ഫ്രെട്ടേണിറ്റിയുടെ മീറ്റിംഗിൽ 44 സിസറ്റേഴ്സ് പങ്കെടുത്തു. ഫാ. മനോജ് താണിക്കൽ ക്ലാസിന് നേതൃത്വം നൽകി. 19–ാം തീയതി മുനിപ്പാറ ശാന്തി ആശ്രമം FCC Cloistered Contemplative ആയി ഉയർത്തപ്പെടുന്നതിന്റെ ഭാഗമായി നടന്ന ദിവ്യബലിയിലും മറ്റു കർമ്മങ്ങളിലും, സ്നേഹവിരുന്നിലും ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരിയും, അസ്സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജ്യോതി ഫ്രാൻസിസും പങ്കെടുത്തു. 23, 27 തീയതികളിലായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് രാവിലെ 9 മണി മുതൽ വൈകീട്ട് 10 മണി വരെ ബ്ര. മനോജ് നയിച്ച ഏകദിന സെമിനാറിൽ ലോക്കൽ സുപ്പീരിയേഴ്സും, എല്ലാ പ്രൊവിൻഷ്യൽ, ലോക്കൽ വൊക്കേഷൻ പ്രൊമോട്ടേഴ്സും, നിത്യവ്രതം കഴിഞ്ഞ് 10 വർഷത്തിനും 25 വർഷത്തിനും ഇടയിലുള്ള സിസ്റ്റേഴ്സും സംബന്ധിച്ചു.

**3. സി. എച്ച്. എഫ്.**

നവജ്യോതി എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ 9–ാം ക്ളാസിൽ പഠിക്കുന്ന കുട്ടികൾക്ക് കാദേഷ് 2019 എന്ന പേരിൽ മൂന്നു ദിവസത്തെ ധ്യാനം വടൂക്കര ഐ.എഫ്.ഡി.എഫ്.ൽ എജ്യുക്കേഷൻ കൗൺസിലർ സി. ജെസ്സിൻ തെരേസിന്റെ നേതൃത്വത്തിൽ നടത്തി. പ്രസ്തുത ധ്യാനത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേഴ്സി പോൾ സംസാരിക്കുകയും വചനം പങ്കുവയ്ക്കുകയും ചെയ്തു. നവജ്യോതി പ്രോവിൻ സിനു കീഴിലുള്ള വടക്കാഞ്ചേരി, വടൂക്കര, തലോർ, ചേലക്കര എന്നീ ഭവനങ്ങളിൽ മാർച്ച് 14, 15, 16, 21, 22, 23 എന്നീ തിയതികളിലായി ധ്യാനോപാസന എന്ന പേരിൽ അനുധ്യാനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഉപയുക്തമായ വിധത്തിൽ സിസ്റ്റേഴ്സിന് ധ്യാനപരിശീലനവും ക്ളാസുകളും നൽകി. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ്, ഒളരി ഹോളിഫാമിലി കോൺ വെന്റ്, ലിറ്റിൽ ഫ്ളവർ കോൺ വെന്റ് എന്നിവയുടെ നേതൃത്വത്തിൽ ഒളരിക്കര ഇടവകയിൽ ഹോം മിഷൻ നടത്തി.

**4. എസ്.എ.ബി.എസ്.**

കോട്ടയത്ത് നടന്ന Vocation Power Retreat-ൽ പ്രോവിൻസിന്റെ വൊക്കേഷൻ പ്രൊമോട്ടേഴ്സ് സംബന്ധിച്ചു. നാലു മുതൽ ആറു വരെ തീയ്യതി

കളിൽ പടവരാട് ശാന്തിഭവനിൽ സിസ്റ്റേഴ്സിനുവേണ്ടി നടത്തിയ ധ്യാനം ബഹു. ഫാ. ജോസ് അലക്സ് O.Carm. നയിച്ചു. ഈ ധ്യാനത്തിൽ 17 പേർ പങ്കടുത്തു. പോസ്റ്റുലൻസ് ചെത്തിമറ്റത്ത് കൗൺസിലിംഗ് കോഴ്സിൽ സംബന്ധിച്ചു. 11–17 പ്രോവിൻസിലെ എല്ലാ ഭവനസമൂഹ ങ്ങളിലും ദൈവവിളിവാരം ആചരിച്ചു. 13 ന് പ്രൊവിൻഷ്യൽ ഹൗസിൽ ജാഗരണ പ്രാർത്ഥന നടത്തി. ഫാ. സിന്റോ പൊന്തേക്കൻ നേതൃത്വം നൽകി. 16–12 പാലക്കാട് ധോണി മരിയൻ റിന്യൂവൽ സെന്ററിൽ വച്ച് നടന്ന Power Conference - ൽ പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസി ലേഴ്സും പങ്കെടുത്തു. 31 ന് കളമശ്ശേരി പ്രൊവിൻഷ്യൽ ഹൗസിൽ ആരം ഭിച്ച നിയുക്ത ലോക്കൽ സുപ്പീരിയേഴ്സിനായുള്ള ഓറിയന്റേഷൻ പ്രോഗ്രാമിൽ നിർമ്മൽ റാണി പ്രോവിൻസിലെ സിസ്റ്റേഴ്സ് സംബന്ധി ച്ചു.

**5. സി.എസ്.എസ്.**

മണ്ണുത്തി സ്നേഹദീപ്തി സ്പെഷ്യൽ സ്കൂളിന്റെ വാർഷികാഘോഷം 28.02.2019 ന് സമുചിതമായി നടത്തി. ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാപരിപാടികൾ ഹൃദ്യമായിരുന്നു. വാർഡ് മെമ്പർ ശ്രീ. മോഹൻദാസ് പരിപാടികൾക്ക് അദ്ധ്യക്ഷം വഹിച്ചു. മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 09.02.2019 ന് നടത്തിയ ജൂനിയർ സിസ്റ്റേ ഴ്സിന്റെ മാതാപിതാക്കളുടെ സംഗമത്തിൽ 40 മാതാപിതാക്കൾ പങ്കെ ടുത്തു. ബഹു. ഫാ. സണ്ണി പുന്നോലിപറമ്പിൽ സി.എം.ഐ. ക്ലാസ്സെടു ത്തു. സ്ഥാപകപിതാവിന്റെ 38 –ാം ചരമവാർഷികത്തോടനുബന്ധിച്ച് മാർച്ച് 1 മുതൽ 3 വരെ മണ്ണുത്തി സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും 9, 10 തിയ്യതികളിൽ ഭൗതികാവശിഷ്ടം കുടി കൊള്ളുന്ന ഇരിങ്ങാലക്കുട പുല്ലൂർ സേക്രഡ് ഹാർട്ട് മിഷൻ ഹോസ്പിറ്റലിൽവെച്ചും നടത്തിയ ശുശ്രൂഷകൾക്ക് ഫാ. ഡേവീസ് പട്ടത്ത് സി. എം. ഐ., ഫാ. ജോസ് ഇരിമ്പൻ എന്നിവർ നേതൃത്വം നൽകി. 9–ാം തിയ്യതി വൈകു ന്നേരം 6.30 ന് ഇരിങ്ങാലക്കുട ബിഷപ്പ് അഭിവന്ദ്യ മാർ പോളി കണ്ണൂ ക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ റാസ നടത്തി. ചരമ വാർഷികദിനമായ 12–ാം തിയ്യതി രാവിലെ 7 മണിക്ക് ബിഷപ്പ് എമരി റ്റസ് മാർ ജേക്കബ്ബ് തൂങ്കുഴി പ്രൊവിൻഷ്യൽ ഹൗസിൽ അനുസ്മരണ ബലി അർപ്പിച്ചു.

**6. സി.എസ്.സി.**

02/03/2019ന് പല്ലിശ്ശേരിയിൽ പുതിയതായി ആരംഭിച്ച ചാരിറ്റി കോൺവെന്റിന്റെ വെഞ്ചിരിപ്പ് കർമ്മം തൃശൂർ അതിരൂപത മെത്രാപ്പോ ലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു.

**7. സി.എസ്.എം.**

2–ാം തീയതി ലൂർദ്ദ്നാഥ പ്രോവിൻ സിലെ സുപ്പീരിയേഴ്സിന് വേണ്ടി മരിയ ഭവൻ കൊളങ്ങാട്ടുകരയിൽ വച്ച് നടത്തിയ കോൺഫ്രൻസിൽ എല്ലാ സുപ്പീരിയേഴ്സും പങ്കെടുക്കുകയും, പ്രൊവിൻഷ്യൽ പ്ലീനറി അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. 8–ന് പ്രോവിൻസിലെ വിവിധ ഭവനങ്ങളിലേയും വൊക്കേഷൻ പ്രമോട്ടേഴ്സ് ലൂർദ്ദ്നാഥ പ്രോവിൻഷ്യൽ ഹൗസിൽ ഒന്നിച്ച് കൂടി. ഫാ. റോബിൻ വയലിൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. 10–ാം തീയതി ജൂനിയർ സിസ്റ്റേഴ്സ് ഏകദിന പ്രാർത്ഥനക്കും പരിചിന്തനത്തിനുമായി ലൂർദ്ദ്നാഥ പ്രൊവിൻഷ്യൽ ഹൗസിൽ ഒരുമിച്ച് കൂടി.

## ആദരാഞ്ജലികൾ



**സി.എം.സി.** കോലഴി ഹോളി ട്രിനിറ്റി ഭവനാംഗമായ സി. വ്ളാഡ്മീർ 09/03/2019നു നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



**എഫ്. സി. സി.** മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഭവനാംഗമായ സി. കാർമ്മലീന എഫ്.സി.സി. 05.03.2019 നു നിര്യാതയായി. പിറ്റേന്ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മമ്മിയൂർ ലിറ്റിൽ ഫ്ളവർ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**എഫ്. സി. സി.** മുണ്ടൂർ സെന്റ് ഫ്രാൻസിസ് ഓഫ് അസ്സിസി ഭവനാംഗമായ ബ. സി. വലന്തീന 12.03.2019 നു നിര്യാതയായി. പിറ്റേന്ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസിസ് ഓഫ് അസ്സിസി മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**സി. പ്രീമ**



**സി. ജെസ്റ്റിൻ**

**സി. എസ്. സി.** സാൻതോം പ്രൊവിൻസ് ഭവനാംഗങ്ങളായ **ബ. സി. പ്രീമ** 23/03/2019 നും **ബ. സി ജെസ്റ്റിൻ** 24/03/2019 നും നിര്യാതരായി. 26/03/2019, 3.00 പി.എം. ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വരടിയം സാൻതോം മിഷൻ ഹൗസിനോട് ചേർന്നുള്ള കല്ലറയിൽ സംസ്ക്കരിച്ചു.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റവും പ്രിയ കുട്ടികളേ,

എല്ലാവർക്കും സുഖം തന്നെയല്ലെ? കഴിഞ്ഞ മാസത്തിലെ കുട്ടികൾക്കുള്ള കത്തിൽ പറഞ്ഞതുപോലെ നിങ്ങളെല്ലാവരും ഈ അവധിക്കാലം ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്ന് കരുതുന്നു. ഈശോയുടെ ഉത്ഥാനതിരുനാളിൽ ഉത്ഥിതൻ വാഗ്ദാനം ചെയ്ത സമാധാനം നിങ്ങളിലും നിങ്ങളുടെ കുടുംബങ്ങളിലും എന്നുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഇടവകകളിലൂടെ യാത്ര ചെയ്തപ്പോൾ മനസ്സിലാക്കിയ ഒരു കാര്യം ധാരാളം കുട്ടികൾ ആവധി ദിവസങ്ങളിൽ കുർബാനയിൽ പങ്കെടുക്കുന്നുണ്ടെന്നതാണ്. വി. ബലിയിലൂടെ ഓരോ ദിവസവും നമ്മിലേക്ക് എഴുന്നുള്ളി വരുന്ന ഈശോ നമ്മുടെയൊക്കെ ജീവിതത്തിന്റെ ശക്തിസ്രോതസ്സാണ്. അവനിൽ നിന്ന് ശക്തി സംഭരിച്ചാണ് നാം ഓരോ ദിവസവും ആരംഭിക്കുന്നതെങ്കിൽ നമ്മെ തകർക്കാൻ ആർക്കും സാധിക്കുകയില്ല.

ലോകത്തിലെ ആദ്യത്തെ സക്രാരിയായ പരി. അമ്മയുടെ വണക്കമാസമാസമാണല്ലോ മെയ് മാസം. വണക്കമാസം ചൊല്ലുകയും, രൂപങ്ങൾ അലങ്കരിക്കുകയും, 'നല്ല മാതാവേ.. മരിയേ' തുടങ്ങിയ പരമ്പരാഗത പാട്ടുകൾ പാടുകയും, ആഘോഷമായി വണക്കമാസ പ്രാർത്ഥനകൾ കാലം കൂടുകയും ചെയ്യുന്ന നല്ല പതിവ് നിങ്ങളുടെ ഭവനങ്ങളിലും ഉണ്ടെന്ന് കരുതുന്നു. ഇത്തരം പതിവ് നിങ്ങളുടെ വീടുകളിൽ ഇല്ലെങ്കിൽ മാതാപിതാക്കളോട് പറഞ്ഞ് നല്ല പാരമ്പര്യങ്ങൾ തുടരുന്നതിന് പരിശ്രമിക്കുമല്ലോ.

മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുവിന്റെ അമ്മയോടുള്ള ഭക്തി സഭയുടെ ആരംഭം മുതലുള്ളതാണ്. ദൈവത്തിന്റ ഹിത

ത്തിന് സ്വയം സമർപ്പിച്ച് 'ഇതാ കർത്താവിന്റെ ദാസി' എന്ന് പറഞ്ഞ പരി. അമ്മ ദൈവമാതാവായി. ദൈവപുത്രനെ തന്റെ ഉദരത്തിൽ സംവഹിച്ചു. അങ്ങനെ ആദ്യ സക്രാരിയായി. കുർബാനയ്ക്ക് ശേഷവും വീടുകളിലെ കുടുംബ പ്രാർത്ഥനാ സമയത്തും മാതാവിന്റെ വണക്കമാസ പ്രാർത്ഥനകൾ ചൊല്ലി പരി. അമ്മയുടെ മാധ്യസ്ഥ്യം തേടുന്നതോടൊപ്പം പരി. അമ്മയുടെ ജീവിതത്തിൽ വിളങ്ങി നിന്നിരുന്ന ഗുണങ്ങൾ നമ്മുടെ ജീവിത്തിൽ പ്രാവർത്തികമാക്കുവാനും, അങ്ങനെ ഇന്നത്തെ ലോകത്തിൽ യേശുവിനെ വഹിക്കുന്ന ജീവിക്കുന്ന സക്രാരികളായി മാറുവാനും നമുക്ക് പരിശ്രമിക്കാം.

സാധാരണയായി നമ്മുടെ ഇടവകകളിൽ ആഘോഷമായ പ്രഥമദിവ്യകാരുണ്യ സ്വീകരണം നടത്തപ്പടുക ഏപ്രിൽ–മെയ് മാസങ്ങളിലാണല്ലോ. ഈ അവസരത്തിൽ നാല് സമ്മാനങ്ങളാണ് സഭ നമുക്ക് നൽകുന്നത്.

1. ദിവ്യകാരുണ്യം – യേശുവിന്റെ ശരീരത്തെ നമുക്ക് ഭക്ഷണമായി നൽകുന്നു.
2. പരിശുദ്ധാത്മാവ് – യേശുവിന്റെ ആത്മാവിനെ നമ്മെ നയിക്കുന്ന ചൈതന്യമായി തൈലാഭിഷേകത്തിലൂടെ നമുക്ക് ലഭിക്കുന്നു.
3. പുതിയനിയമം – യേശുവിന്റെ വചനം നമുക്ക് ജീവിതനിയമമായി ലഭിക്കുന്നു.
4. ഉത്തിരീയവും കൊന്തയും – കൊന്തയും വെന്തിങ്ങയും നൽകുന്നത് യേശുവിന്റെ അമ്മയെ നമുക്ക് സ്വർഗ്ഗീയ അമ്മയായി യേശു നൽകുന്നതിന്റെ പ്രതീകമാണ്.

ഈ വർഷം നമ്മുടെ അതിരൂപതയിൽ ആദ്യകുർബാന സ്വീകരണം നടത്തിയ കുട്ടികളുടെ സംഗമം 'ഏയ്ഞ്ചലോസ് 2019' മേയ് 19 ന് ലൂർദ്ദ് കത്തീഡ്രലിൽ വച്ചാണ്. പ്രസ്തുത യോഗത്തിൽ ആദ്യകുർബാന സ്വീകരണം കഴിഞ്ഞ എല്ലാവരും പങ്കെടുക്കുമല്ലോ.

തിരുകുടുംബപാലകനും തൊഴിലാളി മദ്ധ്യസ്ഥനുമായ യൗസേപ്പിതാവിനെ പ്രത്യേകമായി ഓർക്കുന്ന മെയ് ഒന്നാം തിയ്യതി എല്ലാ തൊഴിലാളികൾക്കും വേണ്ടി പ്രാർത്ഥിക്കാം. അന്നേ ദിവസം തന്നയാണ് നമ്മുടെ പ്രിയങ്കരനായ തൂങ്കുഴി പിതാവും ഞാനും മെത്രാനായത്. നിങ്ങൾ പിതാക്കൻമാർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. നമ്മുടെ അതിരൂപതയുടെ സ്ഥാപകദിനം മെയ് 20ന് പഴുവിൽ ഫൊറോന പള്ളിയിൽ ആഘോഷിക്കുന്നു. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകം പ്രാത്ഥിക്കുവാനുള്ള ദിവസമാണന്ന്. കുട്ടികളുടെ പ്രാർത്ഥന ദൈവതിരുമുമ്പിൽ വളരെ വിലപ്പെട്ടതാണ്.

മെയ് മാസം പരി. അമ്മയുടെ മദ്ധ്യസ്ഥതയിൽ അനുഗ്രഹദായകമാകട്ടെ എന്നാശംസിച്ചുകൊണ്ട് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ ആശിർവദിക്കുന്നു.

നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

പുതിയ അധ്യയനവർഷത്തേക്കുള്ള തയ്യാറെടുപ്പുകളുടെ സമയമാണല്ലോ. മുൻവർഷങ്ങളേക്കാൾ മികച്ച വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്താം. കഴിഞ്ഞവർഷത്തിലെ വിജയികളെയും ഉന്നതവിജയം കരസ്ഥമാക്കിയവരെയും റാങ്ക് ജേതാക്കളെയും അവരെ പരിശീലിപ്പിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. അവധിക്കാലത്ത് കുട്ടികളുടെ വിനോദത്തിനും വിശ്വാസപരിശീലനത്തിനുമായി വിവിധ ക്യാമ്പുകൾ സംഘടിപ്പിച്ചവർക്കും നടത്തിയവർക്കും പങ്കെടുത്തവർക്കും ഹൃദയപൂർവ്വം നന്ദി. പരിശുദ്ധ കന്യകാമാതാവിനോടുള്ള സവിശേഷഭക്തിയുടെ ഈ മാസത്തിൽ, പരി. അമ്മയോടൊപ്പം നമുക്കും പ്രാർത്ഥനാനിരതരാകാം; വിശ്വാസത്തിന്റെ വഴിയിൽ മുന്നേറാം; ദൈവേഷ്ടത്തിന് നമ്മെത്തന്നെ സമർപ്പിക്കാം.

**1. പുതിയ അധ്യയന വർഷം 2019 – 2020**

പുതിയ അധ്യയനവർഷം ജൂൺ 2–ന് ആരംഭിക്കുന്നു. അധ്യയനവർഷാരംഭ പ്രാർത്ഥനയോടുകൂടി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്. പുതിയ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഡാറ്റ അഡ്മിഷനുകൾ നടത്തുമ്പോൾത്തന്നെ ശേഖരിച്ച് സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണ്.

**2. സ്കൂൾ മതബോധന, സന്മാർഗ്ഗശാസ്ത്ര ക്ലാസ്സുകൾ**

2019 ജൂൺ ആദ്യ ആഴ്ചയിൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

**3. പുതിയ ഹെഡ്മാസ്റ്റർ, ഡെപ്യൂട്ടി HM, സെക്രട്ടറി, കംപ്യൂട്ടർ ഓപ്പറേറ്റർ**

പുതിയതായി നിയമിതരായിട്ടുള്ള പ്രധാനാധ്യാപകർ, ഡെപ്യൂട്ടി HM, സെക്രട്ടറി, കംപ്യൂട്ടർ ഓപ്പറേറ്റർ എന്നിരുടെ പേരുവിവരം മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. **പേരും അഡ്രസും**

**ഫോൺനമ്പറുമടക്കം** 2019 മെയ് 19–ന് മുമ്പ് മതബോധനകേന്ദ്രത്തിൽ ലഭിച്ചിരിക്കണം. **Catechism Software-** ലും അതുസംബന്ധിച്ച വിവരങ്ങളിലും മാറ്റം വരുത്തേണ്ടതാണ്. അടുത്ത കോൺഫ്രൻസിൽ പുതിയവരെ പങ്കെടുപ്പിക്കു കയും വേണം.

**4. യൂണിറ്റുകളിൽ മാറ്റം**

പുതിയ അധ്യയനവർഷത്തിൽ ഏതെങ്കിലും പുതിയ യൂണിറ്റ് ആരംഭിക്കുകയോ, ഏതെങ്കിലും യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ 2019 മെയ് 15–ന് മുമ്പ് മതബോധന ഡയറക്ടറെ ആ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**5. Basic CTC Course:**

അടുത്ത **Basic CTC** 2019 മെയ് 10 വെള്ളി 5PM മുതൽ മെയ്12 ഞായർ 4PMവരെ നടത്തുന്നതാണ്.

അതിരൂപതയിലെ വിശ്വാസപരിശീലകരെല്ലാം Catechists Training Course-ൽ നിർബന്ധമായും പങ്കെടുത്തിരിക്കേണ്ടവരാണ്. **CTC** യിൽ പങ്കെടുക്കേണ്ട അധ്യാപകരെ മതബോധന സോഫ്റ്റ് വെയർ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്തതിനുശേഷം രജിസ്ട്രേഷൻ ഫീസ് (ഒരംഗത്തിനു 250 രൂപ) മതബോധന ഓഫീസിൽ 5 ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്ട്രേഷൻ അസാധുവാകുന്നതാണ്.

**6. ACC Re-Examination: May 11 Saturday 01.30 PM**

2019 ഫെബ്രുവരിയിലെ **ACC** വാർഷികപരീക്ഷയിൽ തോറ്റവർക്കും, പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും വീണ്ടും പരീക്ഷയെഴുതാം. പരീക്ഷയ്ക്ക് മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാനതിയതി 2019 മെയ് 5. രജിസ്റ്റർ ചെയ്യുമ്പോൾ 2019 ഫെബ്രുവരിയിലെ വാർഷിക പരീക്ഷയുടെ ഹാൾടിക്കറ്റ് കൊണ്ടുവരണം. പരീക്ഷാഫീസ് Rs. 100/-

**പരീക്ഷാവിവരങ്ങൾ:**

തിയതി : 2019 മെയ് 11
ദിവസം : ശനി
സമയം : 01.30 PM - 04.30 PM
സ്ഥലം : മതബോധനകേന്ദ്രം, DBCLC, തൃശൂർ
സിലബസ് : 2018-2019 അധ്യയനവർഷത്തെ ACC സിലബസ്

**7. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ്**

തിയതി : 2019 മെയ് 19
ദിവസം : ഞായർ

സമയം : 09.30 AM - 4 PM

സ്ഥലം : മതബോധനകേന്ദ്രം, DBCLC, തൃശൂർ

ദിവ്യബലി ഉണ്ടായിരിക്കും. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കണം. ഹെഡ്മാസ്റ്റർമാർക്ക് മാറ്റമുള്ളിടങ്ങളിലെ പുതിയ ഹെഡ്മാസ്റ്റർമാരാണ് പങ്കെടുക്കേണ്ടത്.

**8. മതബോധനയൂണിറ്റ് സെക്രട്ടറിമാരുടേയും സോഫ്റ്റ് വെയർ ഓപ്പറേറ്റർമാരുടേയും ഹെഡ്മാസ്റ്റർമാരുടെയും സംയുക്ത യോഗം**

2019 മെയ് 19 ഞായർ 2 PM - 4 PM ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിനോടൊപ്പം സംയുക്തമായി നടത്തുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും സെക്രട്ടറിമാരും സോഫ്റ്റ് വെയർ ഓപ്പറേറ്റർമാരും പങ്കെടുക്കേണ്ടതാണ്.

**9. യൂണിറ്റുകളിലെ സ്റ്റാഫ് മീറ്റിംഗ്**

2019 മെയ് 26ന് എല്ലാ യൂണിറ്റുകളിലും രാവിലെ തന്നെ **സ്റ്റാഫ് മീറ്റിംഗ്** നടത്തുകയും പുതിയ വർഷത്തിലേക്കുള്ള പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും, അന്നേ ദിവസംതന്നെ ഉച്ചകഴിഞ്ഞ് ഫൊറോനാടിസ്ഥാനത്തിൽ നടക്കുന്ന അർദ്ധദിന സെമിനാറിൽ എല്ലാ അധ്യാപകരും പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

**10. അധ്യാപകർക്കുള്ള അർദ്ധദിന സെമിനാർ**

ഞായറാഴ്ച മതബോധന അധ്യാപകർക്കുള്ള അർദ്ധദിന സെമിനാർ ഫൊറോനാതലത്തിൽ മെയ് 26–ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5മണി വരെ നടത്തുന്നതാണ്. എല്ലാ മതാധ്യാപകരും സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഹെഡ്മാസ്റ്റർമാരിൽനിന്നും ഫൊറോനാ പ്രമോട്ടറിൽ നിന്നും ലഭിക്കും. സെമിനാർ നടക്കുന്ന സ്ഥലങ്ങളും സമയവും താഴെ കൊടുക്കുന്നു.

| FORANE | PLACE | DATE | TIME |
|---|---|---|---|
| 1. Chelakkara | Forane Church,Chelakkara | May 26 | 2 PM-5PM |
| 2. Erumapetty | Forane Church, Erumapetty | ” | ” |
| 3. Kandassankadvu | Forane Church, Kandassankadavu | ” | |
| 4. Kottekad | Parish Hall, Kuttur | ” | ” |
| 5. Mattom | Forane Church, Mattom | ” | ” |
| 6. Ollur | Jesus Academy, Thalore | ” | ” |
| 7. Palayur | L. F. College, Guruvayur | ” | ” |
| 8. Parappur | Forane Church, Parappur | ” | ” |
| 9. Pattikad | Forane Church, Pattikad | ” | ” |
| 10. Pazhuvil | Forane Church, Pazhuvil | ” | ” |
| 11. Pudukad | Forane Church, Pudukad | ” | ” |
| 12. Puthur | Parish Hall, Vettukad | ” | ” |

| | | | | |
|---|---|---|---|---|
| 13. | Thrissur Lourdes | Lourdes Cathedral, Thrissur | ” | ” |
| 14. | Thrissur Dolours | Dolours Basilica Hall,Thrissur | ” | ” |
| 15. | Velur | Forane Church, Velur | ” | ” |
| 16. | Wadakkanchery | Clelia Barbieri Holy Angels Eng.Med.H.S.,Wadakkanchery | ” | ” |

## 11. ഫൊറോന പ്രൊമോട്ടർമാർ

മതബോധന ഫൊറോന പ്രൊമോട്ടർമാരായ വൈദികരുടെ പേരു വിവരം താഴെകൊടുക്കുന്നു.

| FORANE | NAME | PLACE/PARISH | MOBILE |
|---|---|---|---|
| 1. Chelakkara | Fr. Chiramel Chacko | Manalady | 9446146535 |
| 2. Erumapetty | Fr. Kunnappilly Tens | Parempadam | 9400901069 |
| 3. Kandassankadvu | Fr. Punnoliparambil Jos | Eravu | 9447526996 |
| 4. Kottekad | Fr. Punnassery Jaison | Kuttur | 9447380944 |
| 5. Mattom | Fr. Chittilappilly Antony | Chittattukara | 9447615273 |
| 6. Ollur | Fr. Thekkekara Davis | Avinissery | 9846905210 |
| 7. Palayur | Fr. Kanjiraparambil Satheesh SDV | Perakam | 9443798187 |
| 8. Parappur | Fr. Alappat Biju | Ambakad | 9496770674 |
| 9. Pattikad | Fr. Muringathery Jijo | Peechi | 9447467170 |
| 10. Pazhuvil | Fr. Thanikkal Manoj | Kizhupillikkara | 7592023333 |
| 11. Pudukad | Fr. Pulikottil Jaison | Vellanikode | 9944229373 |
| 12.Puthur | Fr. Edakkalathur Thomas | Mannamangalam | 9496913633 |
| 13.Thrissur Lourdes | Fr. Edakkalathoor Varghese | Minor Seminary | 9656020925 |
| 14. Thrissur Dolours | Fr. Kuthur Varghese | St. Thomas College | 9495637388 |
| 15.Velur | Fr. Edathiruthy Jojo | Kiraloor | 9562775875 |
| 16.Wadakkanchery | Fr. Panamkulam Davis | Thiroor | 9496346180 |

## 12. ACC സിലബസും പാഠപുസ്തകവും

**a) ACC Text Book:** യുവജനമതബോധനത്തിന് കത്തോലിക്കാസഭ തയ്യാറാക്കിയിട്ടുള്ള YOUCAT എന്ന പുസ്തകം ACC കോഴ്സിന്റെ 3 വർഷത്തേക്കുള്ള അടിസ്ഥാന പാഠപുസ്തകമാണ്. ഈ പുസ്തകം മലയാളത്തിലും ഇംഗ്ലീഷിലും മതബോധനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്. എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.

**b) Supplementary Text:** ഓരോ വർഷവും ആനുകാലിക വിഷയങ്ങളേയും മറ്റും സംബന്ധിച്ച് ഒരു ലഘുപുസ്തകവും സിലബസിൽ ഉണ്ടായിരിക്കും. അതും വിദ്യാർത്ഥികൾ വാങ്ങി ഉപയോഗിക്കേണ്ടതാണ്. പുസ്തകം മതബോധനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്.

## 13. പാഠപുസ്തകവിതരണം

2019 മെയ് 27 മുതൽ മതബോധനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

b) വാങ്ങേണ്ട പുസ്തകങ്ങളുടെ ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻവരുന്നതിന് 5 ദിവസം മുമ്പ് തന്നിരിക്കണം. ഇൻഡന്റ് മതബോധന ബ്ലോഗിൽ നിന്നും, സോഫ്റ്റ് വെയറിലെ News എന്നതിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇൻഡന്റ് ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. ഓർഡർ ചെയ്യുമ്പോൾ പുസ്തകങ്ങളുടെ പണം നൽകേണ്ടതില്ല; പുസ്തകം കൊണ്ടുപോകാൻ വരുമ്പോൾ ആദ്യം ബില്ലുപ്രകാരം പണമടയക്കണം. അതിനുശേഷമേ പുസ്തകങ്ങൾ ലഭിക്കുകയുള്ളൂ. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

**14. ഏകദിന സെമിനാറുകൾ**

അധ്യാപകർക്കുള്ള ഏകദിന സെമിനാർ ജൂൺ 10 ന് ആയിരിക്കും. ഏകദിന സെമിനാറുകൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**15. യൂണിറ്റ് വിസിറ്റ്**

12 ഞായറാഴ്ചകളിലായി നടത്തുന്ന യൂണിറ്റ് വിസിറ്റ് ഈ വർഷം ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**16. SMCC പ്രതിഭാസംഗമം Std. VII**

SMCC പ്രതിഭാസംഗമത്തിനുള്ള 7-ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള അതിരൂപതാതല പരിശീലനക്യാമ്പ്ഏപ്രിൽ 15,16,17 തിയതികളിൽ മതബോധനകേന്ദ്രത്തിൽ വെച്ച് നടത്തി.

സസ്നേഹം,

**Fr. Tens Kunnappilly**
**Fr. Rijo Vithayathil**
**Fr. Justin Poozhikunnel**
Asst. Directors

**Fr. Raphael Akkamattathil**
Director

# Institute of THEOLOGY

**1. B.A. in Theology and Religious Studies:**

ലുവെൻ ബെൽജിയം യുണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office –മായി ബന്ധപ്പെടുക.

**2. Correspondence Theology Course:**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ മേയ് 12, 26 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

**3. Six Month Theology Course:**

സിസ്റ്റേഴ്സിനു വേണ്ടിയുള്ള ആറുമാസത്തെ തിയോളജി കോഴ്സ് ജൂൺ മുതൽ ആരംഭിക്കും. മേരമാതാ മേജർ സെമിനാരിയിൽ വച്ചാണ് നടത്തുന്നത്. താല്പര്യമുള്ള സിസ്റ്റേഴ്സ് Institute of Theology Office–ൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ



# മേരിമാത സെമിനാരി

**1. അവധിക്കാലം**

കഴിഞ്ഞ അദ്ധ്യയന വർഷത്തിന്റെ സമാപനദിനമായ 2019 മാർച്ച് 15 ന് വേനൽക്കാല അവധിക്കായി വൈദികവിദ്യാർത്ഥികൾ സ്വന്തം രൂപതകളിലേക്കും സന്ന്യാസസമൂഹങ്ങളിലേക്കും ഭവനങ്ങളിലേക്കും യാത്ര തിരിച്ചു. മെയ് 30–ാം തിയ്യതി വരെയാണ് അവധിക്കാലം.

**2. മ്ശംശാനപ്പട്ടവും ചെറുപട്ടങ്ങളും**

ദൈവശാസ്ത്ര വിദ്യാർത്ഥികൾ മാർച്ച്–ഏപ്രിൽ മാസങ്ങളിലായി മ്ശംശാന പട്ടവും ചെറുപട്ടങ്ങളും സ്വീകരിച്ചു. 14 വിദ്യാർത്ഥികൾ മ്ശംശാന പട്ടവും 16 പേർ ഹെവുപ്പദ്യാക്ക്ന പട്ടവും 22 പേർ കാറോയ പട്ടവും സ്വീകരിച്ചു. സെമിനാരി കുടുംബം അവർക്ക് പ്രാർത്ഥനാശംസകൾ നേർന്നു.

**3. ലിവ് & ലേൺ പ്രോഗ്രാം**

തൃശ്ശൂർ അതിരൂപതയിലെ വൈദികർക്കായുള്ള ലിവ് & ലേൺ പ്രോഗ്രാം രണ്ടു ബാച്ചുകളിലായി മേരിമാതാ സെമിനാരിയിൽ വച്ച് നടന്നു. 2019 മാർച്ച് 18, 19, 20 ദിവസങ്ങളിൽ ആദ്യബാച്ചും 25, 26, 27 ദിവസങ്ങളിൽ രണ്ടാം ബാച്ചും സെമിനാരിയിൽ സമ്മേളിച്ച് കൂട്ടായ്മയിൽ വളരുകയും അജപാലന അറിവുകൾ കൂടുതലായി പങ്കുവച്ച് സ്വാംശീകരിക്കുകയും ചെയ്തു.

**4. ഡീക്കൻ മിനിസ്ട്രി**

സെമിനാരി പരിശീലനത്തിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള ഡീക്കൻ മിനിസ്ട്രിക്കായി 2019 ഏപ്രിൽ ഒന്നാം തിയ്യതി ബഹു. ഡീക്കന്മാർ യാത്രയായി. 14 ഇടവകകളിൽ ഓരോരുത്തരായി ഡീക്കൻമാർ തങ്ങളുടെ ശുശ്രൂഷകൾ തുടരുന്നു. 2019 ആഗസ്റ്റ് 31–ാം തിയ്യതിയാണ് ഡീക്കൻ മിനിസ്ട്രി പരിസമാപിക്കുന്നത്.

**5. SVDP കൂട്ടായ്മ**

സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ തൃശ്ശൂർ സെൻട്രൽ കമ്മിറ്റി അംഗങ്ങൾ ആത്മീയ പിതാവായ ബഹു. റോയ് മൂക്കനച്ചന്റെ

നേതൃത്വത്തിൽ ധ്യാനത്തിനും സംഘടനാ പ്രവർത്തനങ്ങളുടെ വില യിരുത്തലിനുമായി 2019 മാർച്ച് 30–31 ദിവസങ്ങളിൽ സെമിനാരിയിൽ സമ്മേളിച്ചു. ബഹു. ഫാ. വിൻസന്റ് ആലപ്പാട്ട് ധ്യാനപ്രഭാഷണം നടത്തി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# സെ. മേരീസ് മൈനർ സെമിനാരി

1. **വൈദിക വസ്ത്രസ്വീകരണത്തിനുള്ള ഒരുക്കധ്യാനം**
   ഈ വർഷം വൈദികവസ്ത്രം സ്വീകരിക്കാനുള്ള സെമിനാരി വിദ്യാർത്ഥികൾ 2019 ഏപ്രിൽ 1 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ തിരുവില്ല്വാമലയിലെ സെന്റ് പോൾ ഗുരുകുലത്തിൽ താമസിച്ച് ധ്യാനിച്ചും പ്രാർത്ഥിച്ചും പരിചിന്തനം നടത്തിയും ഒരുങ്ങി. അവരെ ആത്മാർത്ഥമായി സഹായിച്ച മേച്ചേരിപ്പടി ബഹു. ആന്റണി അച്ചനോടും മരോട്ടിക്കൽ ബഹു. അലക്സ് അച്ചനോടുമുള്ള കൃത ജ്ഞത അറിയിക്കുന്നു.
2. **ദൈവവിളി ക്യാമ്പുകൾ**
   ഡി. ബി. സി. എൽ. സി. യിൽ വച്ച് ഏപ്രിൽ 1, 2 തീയതികളിൽ പെൺകുട്ടികൾക്കായി നടത്തിയ ക്യാമ്പിൽ 35 ഇടവകകളിൽ നിന്നായി 85 വിദ്യാർത്ഥിനികൾ സംബന്ധിച്ചു. ഏപ്രിൽ 1,2; 3,4; 5,6 തീയതികളിൽ മഡോണ സെമിനാരിയിൽ നടന്ന ആൺകുട്ടികൾക്കാ യുള്ള ക്യാമ്പിൽ 98 ഇടവകകളിൽ നിന്നായി 348 പേർ പങ്കെടുത്തു. ക്യാമ്പുകളിലേക്ക് കുട്ടികളെ ഒരുക്കി അയച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.
3. **ദൈവവിളിവാര ഉപവാസ–പ്രാർത്ഥനായജ്ഞം**
   2019 ഏപ്രിൽ 1 മുകൽ 6 വരെ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്ര ലിൽ ദൈവവിളിവാര ഉപവാസ–പ്രാർത്ഥനായജ്ഞം നടന്നു. ഈ ദൈവവിളിവാര ഉപവാസ–പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുക്കുകയും

പ്രാർത്ഥിക്കുകയും ചെയ്ത വിവിധ സന്യാസസമൂഹങ്ങളിലെ സുപ്പീരിയേഴ്സിനും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും അതിരൂപതയിലെ എല്ലാ ബ്രദേഴ്സിനും നന്ദി പറയുന്നു.

4. **മേജർ സെമിനാരിയൻസ് കോൺഫ്രൻസ്**

വിവിധ മേജർ സെമിനാരികളിലായി പരിശീലനം നേടികൊണ്ടിരിക്കുന്ന തൃശ്ശൂർ അതിരൂപതാ വൈദികവിദ്യാർത്ഥികൾ 2019 മെയ് 15 മുതൽ 18 വരെ മൈനർ സെമിനാരിയിൽ ഒത്തുചേരുന്നു.

5. **വൈദികവസ്ത്രസ്വീകരണം**

2019 മെയ് 18ന് ഉച്ചകഴിഞ്ഞ് 2:30ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ നടക്കുന്ന വി. ബലി മധ്യേ ഒരുക്കം പൂർത്തിയാക്കിയ ബഹു. ശെമ്മാശ്ശന്മാർ വൈദികവസ്ത്രം സ്വീകരിക്കുന്നു. മഡോണ മൈനർ സെമിനാരിയിൽ വച്ചാണ് തിരുകർമ്മങ്ങൾ നടക്കുന്നത്.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

1. **ജൂബിലിയിൽ പുതിയ ബ്ലോക്ക് ആരംഭിച്ചു**

ഡയമണ്ട് ജൂബിലി ബ്ലോക്ക് ജൂബിലിയിൽ തൃശ്ശൂർ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. താഴത്തെ നിലയിൽ ഓർത്തോ വിഭാഗം ഒ.പി.–യും, ഫിസിയോതെറാപ്പിയുമാണ് ആദ്യഘട്ടമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

2. **ജൂബിലിയിൽ ദേശീയ ഇ.എൻ.ടി. ശില്പശാല നടന്നു**

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജും, ജില്ല ഇ.എൻ.ടി. ഡോക്ടർമാരുടെ സംഘടനയും സംയുക്തമായി സംഘടിപ്പിച്ച ദേശീയ ഏകദിന ശില്പശാല – ജൂബിലി ഇ.എൻ.ടി. കോൺ 2019

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടന്നു. ഇന്ത്യയ്ക്ക് അകത്തും പുറത്തും നിന്നായി ഇരുന്നൂറോളം ഇ.എൻ.ടി. വിദഗ്ധ ഡോക്ടർമാർ പങ്കെടുത്തു. ഈ വിഭാഗത്തിലെ പ്രമുഖരായ ഡോ. എസ്. എൻ. വിജയാനന്ദ് (ഇംഗ്ലണ്ട്), ഡോ. സുബ്രഹ്മണ്യ അയ്യർ (കൊച്ചി), ഡോ. ജയകുമാർ മേനോൻ (തിരുവനന്തപുരം), ഡോ.സൂസൻ സെബാസ്റ്റ്യൻ (ഡെൽഹി), ഡോ. മാത്യു ഡൊമിനിക്ക് (കൊച്ചി), ഡോ. എം.എൻ. ഹരീന്ദ്ര (മൈസൂർ), ഡോ. അരുൺ പി. (കൊൽക്കത്ത), ഡോ. എം. വി. ജോർജ്ജ് (തൃശ്ശൂർ) എന്നിവർ വിവിധ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

3. **ഡിമെൻഷ്യ ബാധിച്ചവരെ പരിചരിക്കാനുള്ള സൗജന്യ പരിശീലനം**

90 വയസ്സ് കഴിഞ്ഞവരിൽ 50 ശതമാനം പേരും 65 വയസ്സിനുമുകളിൽ 10 ശതമാനം പേരും ഡിമെൻഷ്യ രോഗികളാണെന്ന് പഠനങ്ങൾ പറയുന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അൾഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ ഡിമെൻഷ്യ കെയർ സ്കിൽ ട്രെയ്നിങ്ങ് കോഴ്സ് ജൂബിലി മിഷൻ ആശുപത്രിയിൽ ആരംഭിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ജൂബിലി മിഷൻ ജെറിയാട്രിക് മെഡിസിൻ വിഭാഗം മേധാവി ഡോ. സ്റ്റീവ് പോൾ ഡിമെൻഷ്യ രോഗികളുടെ ശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. അൾഷിമേഴ്സ് ആന്റ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുടെ നേഷണൽ കോർഡിനേറ്റർ മേജർ ഗോപാലകൃഷ്ണൻ ഡിമെൻഷ്യ കെയർ സ്കിൽ ട്രെയ്നിങ്ങ് മൂലം വയോജനപരിചരണത്തിൽ ഉണ്ടാകാവുന്ന ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് പ്രതിപാദിച്ചു. കോഴ്സിൽ പങ്കെടുക്കുന്ന ഡിമെൻഷ്യ രോഗികളെ പരിചരിക്കുന്നവർ, പാരാമെഡിക്കൽ സ്റ്റാഫ്, നേഴ്സുമാർ, നേഴ്സിങ്ങ് വിദ്യാർത്ഥികൾ എന്നിവരെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ മുള്ളക്കര അഭിസംബോധന ചെയ്ത് സംസാരിച്ചു. ഏപ്രിൽ 1 മുതൽ 13 വരെ നടത്തപ്പെടുന്ന ഈ കോഴ്സിൽ തിയറി ക്ലാസുകളും പ്രാക്റ്റിക്കൽ ക്ലാസുകളും ഉണ്ടായിരിക്കുന്നതാണ്. കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു പരിശീലനം നടത്തപ്പെടുന്നത്. അടുത്ത പരിശീലനക്ലാസുകൾ ജൂൺ മാസത്തിൽ ഉണ്ടായിരിക്കും.

4. **അന്തർദ്ദേശീയ കോൺഫറൻസ്**

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങും കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തിയ രണ്ടാമത് അന്തർദ്ദേശീയ കോൺഫറൻസിന്റെ(Technique, Technology and innovations in nursing) ഉദ്ഘാടനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു.

5. **സ്വീകരണം നൽകി**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ പാസ്റ്ററൽ കെയർ വിഭാഗത്തിൽ ചാർജ്ജെടുത്ത ഫാ. ജിബി വാഴപ്പിള്ളി അച്ചന് ജൂബിലി മിഷൻ കുടുംബാഗങ്ങൾ സ്വീകരണം നൽകി.

6. **ജൂബിലി മിഷന് ഉജ്ജ്വല ചരിത്രനേട്ടം**

ആരോഗ്യ സർവ്വകലാശാല അവസാന വർഷ എം.ബി.ബി.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചപ്പോൾ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് നൂറിൽ നൂറിന്റെ നിറവ്. 2014–2019 ബാച്ചിലെ പരീക്ഷയെഴുതിയ 86 പേരിൽ മുഴുവൻ വിദ്യാർത്ഥികളും ഉന്നതവിജയം കൊയ്താണ് തിളക്കമാർന്ന നേട്ടം കൈവരിച്ചത്. ഇതിൽതന്നെ 30 പേർ ഫസ്റ്റ് ക്ലാസ് കരസ്ഥമാക്കി ചരിത്രത്തിൽ ഇടം തേടി. ആരോഗ്യസർവ്വകലാശാല സ്ഥാപിതമാക്കിയതിനുശേഷം ഇതാദ്യമായാണ് ഒരു മെഡിക്കൽ കോളേജ് നൂറ് ശതമാനം വിജയം കൈവരിക്കുന്നത്. മെഡിക്കൽ വിദ്യഭ്യാസരംഗത്ത് തന്നെ ഇത് അത്യപൂർവ്വമായ നേട്ടമാണ്. വിദ്യാർത്ഥികൾക്ക് കോളേജ് അധികൃതർ അനുമോദനങ്ങൾ അർപ്പിച്ചു.

7. **അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- ജൂബിലി മിഷൻ ആശുപത്രി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് AHPI ന്റെ കേരളാ ചാപ്റ്റർ പ്രസിഡന്റും ദേശീയ ഭരണസമിതി അംഗവുമായി തെരഞ്ഞെടുക്കപ്പെട്ടു.
- 14–ാം ബാച്ച് MBBS വിദ്യാർത്ഥിയായ ജോവാൻ ബി. ജോർജ്ജ്, ഡോ. മാത്യു ജോണിന്റെ കീഴിൽ ചെയ്ത 'Erythrocyte Protein Profiling In CVDs' എന്ന റിസർച്ചിന് ICMR ന്റെ കീഴിൽ STS (Short Term Studentship) അംഗീകാരം ലഭിച്ചു.
- ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങും കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തിയ രണ്ടാമത് അന്തർദ്ദേശീയ കോൺഫറൻസിൽ ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് അദ്ധ്യാപിക ശ്രീമതി വിനീത ഡേവിസ് സയന്റിഫിക്

പ്രസന്റേഷൻ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

8. **ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഫാർമസി ഡിപ്പാർട്ടുമെന്റ്, JMMC, തൃശ്ശൂർ (14 ഡയാലിസിസ്)
- സൺഡെ ക്ലബ്, അകതിയൂർ, കുന്ദംകുളം, തൃശ്ശൂർ (42 ഡയാലിസിസ്)
- മൊണാർക്ക് കുറീസ് പ്രൈവെറ്റ് ലിമിറ്റഡ്, തൃശ്ശൂർ (14 ഡയാലിസിസ്)
- ശ്രീ. ജോ ജോസ്, അരിമ്പൂർ അടംമ്പുകുളം ഹൗസ്, അമ്മാടം പി. ഒ., തൃശ്ശൂർ (71 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **അനുസ്മരണ പ്രഭാഷണവും അവാർഡ് ദാനവും**
സെന്റ് തോമസ് കോളേജ് രസതന്ത്ര വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെറിറ്റ് ഡെ ആഘോഷവും നാലാമത് പ്രൊഫ. ജോസ് മേച്ചേരി അനുസ്മരണ യോഗവും പ്രഭാഷണവും സംഘടിപ്പിച്ചു. സ്തനാർബുദം അതിന്റെ പ്രാരംഭ ദിശയിൽ തന്നെ തിരിച്ചറിയുന്നതിനുള്ള നൂതനവും ചെലവുകുറഞ്ഞതുമായ സാങ്കേതിക വിദ്യ വികസിപ്പിച്ചതിന് നാരീശക്തി പുരസ്കാരം ലഭിച്ച സി. മെറ്റിലെ ശാസ്ത്രജ്ഞയായ ഡോ. എ. സീമ മുഖ്യപ്രഭാഷണം നടത്തി. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗീസ് കൂത്തൂർ ഉത്ഘാടനം ചെയ്ത യോഗത്തിൽ പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. അക്കാദമിക് രംഗത്ത് മികവ് നേടിയ വിദ്യാർത്ഥികളെ ആദരിക്കുകയും വിവിധ സ്കോളർഷിപ്പുകളും അവാർഡുകളും വിതരണം ചെയ്യുകയും ചെയ്തു.

2. **ഇൻസ്റ്റിറ്റ്യൂഷണൽ വിസിറ്റ് നടത്തി**
ഇൻസ്റ്റിറ്റ്യൂഷണൽ വിസിറ്റിന്റെ ഭാഗമായി സെന്റ് തോമസ് കോളേജിലെ അദ്ധ്യാപകർ പീച്ചിയിലെ കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയുണ്ടായി. കോളേജ് മാനേജർ മാർ ടോണി നീല

കാവിൽ, എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗീസ് കൂത്തൂർ, പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണി എന്നിവരുടെ നേതൃത്വത്തിൽ എൺപതോളം അദ്ധ്യാപകർ പങ്കെടുത്ത പരിപാടി ഏറെ ഹൃദ്യമായിരുന്നു.

**3. ത്രിദിന അന്തർദേശീയ സെമിനാർ സെന്റ് തോമസിൽ**

തൃശൂർ സെന്റ് തോമസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ത്രിദിന അന്തർദേശീയ സെമിനാർ സംഘടിപ്പിച്ചു. കോളേജിലെ ഫിനിഷിംഗ് സ്കൂൾ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെന്റിനറി ഇന്റർനാഷണൽ കോൺഫറൻസ് ഓൺ അഡ്വാൻസ്മെന്റ്സ് ഇൻ സയൻസ് ആൻഡ് ഹ്യുമാനിറ്റീസ് (**CICASH 2019**) എന്ന് പേരിട്ടിരിക്കുന്ന ഈ അന്താരാഷ്ട്ര സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള വ്യക്തികൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

കീ നോട്ട് സ്പീച്ച്, ഇൻവൈറ്റഡ് ടോക്ക്, ഓറൽ പ്രസന്റേഷൻ, പോസ്റ്റൽ പ്രസന്റേഷൻ, ഓൺലൈൻ പ്രസന്റേഷൻ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ വിഷയാവതരണങ്ങൾ നടന്നു. സമ്മേളനത്തിന്റെ രണ്ടാം ദിനത്തിൽ ലോക ജല ദിനത്തോടനുബന്ധിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജിയിലെ ശാസ്ത്രജ്ഞനും മലയാളിയുമായ ഡോ. പൊട്ടയ്ക്കൽ ജോർജ്ജ് ജോസ് മുഖ്യ പ്രഭാഷണം നടത്തി. കൊറിയ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോ. സൺയംഗ്ച്, തായ്‌ലന്റിലെ ബാങ്കോക്ക് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോ. ഉൾറിയെ ഗൂലിക്, ഡോ. തിവാ പാർക്, കോൺകെൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോ. ബോട്ഇ പുസ്യനുട്, ഡോ. ചൗചെൻബി, ഡോ. തീരവ്ട് തുടങ്ങിയവർ വിവിധ ദിവസങ്ങളിൽ പ്രഭാഷണം നടത്തി.

**4. ദേശീയതലത്തിൽ 54–ാം സ്ഥാനം, കേരളത്തിൽ അഞ്ചാമത്**

NIRF RANKING - 2019 (നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് ഫ്രെയിം വർക്ക്)–ൽ ശതാബ്ദി നിറവിലെത്തിയ തൃശൂർ, സെന്റ് തോമസ് കലാലയത്തിന് 54–ാം സ്ഥാനം. കേരളത്തിൽ അഞ്ചാം സ്ഥാനത്ത് നിൽക്കുന്ന ഈ കലാലയം കോഴിക്കോട് സർവ്വകലാശാലയിൽ ഒന്നാമതാണ്. കഴിഞ്ഞവർഷത്തെ 79–ാം സ്ഥാനത്തു നിന്ന് ഗുണനിലവാരങ്ങളിൽ വർദ്ധിച്ച മികവ് തെളിയിച്ചിട്ടാണ് ഈ കലാലയം 54–ാം സ്ഥാനത്തേക്ക് കുതിച്ചെത്തിയത്. നാക് റാങ്കിങ്ങിൽ മുകളിലുള്ള മറ്റു പല പ്രമുഖ കോളേജുകളേയും പിന്തള്ളിയാണ് ഈ കലാലയം ഈ മികവ് കരസ്ഥമാക്കിയത്. പഠനത്തിലും മറ്റു വിഷയങ്ങളിലുമുള്ള സമഗ്ര മികവിന്റെ അടിസ്ഥാനത്തിലാണ് ഈ റാങ്ക് ദേശീയ തലത്തിൽ നിശ്ചയിക്കുന്നത്. ശതാബ്ദി ആഘോഷിക്കുന്ന ഈ കലാലയത്തിന് ലഭിച്ച മറ്റൊരു പൊൻ തൂവൽ കൂടിയായി മാറി ഈ അംഗീകാരം. ഈ നേട്ടത്തിന് നേതൃത്വം നൽകി

യത് കോളേജ് പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണിയും, IQAC കോഡിനേറ്റർ റവ. ഫാ. അനിലും, ടീമംഗങ്ങളും ചേർന്നാണ്. ഒപ്പം നിന്ന അദ്ധ്യാപക, അനദ്ധ്യാപക, വിദ്യാർത്ഥി സമൂഹവും അഭിനന്ദനമർഹിക്കുന്നു.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ &
എക്സിക്യൂട്ടീവ് മാനേജർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **ജ്യോതിയ്ക്കു വീണ്ടും ദേശീയ അംഗീകാരം**
ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ നാല് ബി.ടെക് പ്രോഗ്രാമുകൾക്ക് വീണ്ടും നാഷണൽബോർഡ് ഓഫ് അക്രഡിറേഷന്റെ (NBA) അംഗീകാരം ലഭിച്ചു. കമ്പ്യൂട്ടർ സയൻസ്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എന്നീ ബ്രാഞ്ചുകൾക്കാണ് അംഗീകാരം ലഭിച്ചത്. മൂന്നുവർഷം മുമ്പ് ലഭിച്ച അക്രഡിറേഷന്റെ തുടർച്ചയാണ് ഇപ്പോൾ ലഭിച്ച റീ–അക്രഡിറേഷൻ. ഈ അക്രഡിറേഷനുള്ള കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള സാങ്കേതിക സർവ്വകലാശാലയുടെ ബി.ടെക് ഓണേഴ്സ് ബിരുദം നേടാൻ അവസരമുണ്ട്. പുതിയ കോഴ്സുകൾക്ക് മേലിൽ അനുമതി ലഭിക്കുന്നത് എൻ.ബി.എ. അക്രഡിറേഷനുള്ള കോളേജുകൾക്ക് മാത്രമാണ്. 2016 ൽ അഞ്ചുവർഷത്തേക്ക് ജ്യോതിക്ക് നാക് അക്രഡിറേഷനും ലഭിച്ചിരുന്നു. രണ്ട് അക്രഡിറേഷനും ഒരുമിച്ച് ലഭിക്കുന്ന കേരളത്തിലെ അപൂർവ്വം എഞ്ചിനീയറിംഗ് കോളേജുകളിലൊന്നാണ് തൃശൂർ അതിരൂപതയുടെ സ്ഥാപനമായ ജ്യോതി.

2. **പ്രീതിക്ക് തുക കൈമാറി :** ജന്മനാ ത്വക്ക് സംബന്ധമായ അപൂർവ്വ രോഗം വന്ന് ജീവിതത്തിൽ ഒററപ്പെട്ട് കഴിയുന്ന ചേലക്കര സ്വദേ

ശിനി പ്രീതിക്ക് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സ്വീകരണം നല്കി. കോളേജിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി വിദ്യാർത്ഥികളും, അദ്ധ്യാപകരും, മാനേജ്മെന്റും ഒത്തുചേർന്ന് സമാഹരിച്ച ഒരുലക്ഷത്തി പതിനായിരം രൂപ പ്രീതിക്ക് കൈമാറി.

**3. അലുമിനി കോർണർ ഉദ്ഘാടനം ചെയ്തു :**

വിദ്യാർത്ഥികൾക്ക് ഇരുന്ന് സംസാരിക്കാനും, സൗഹൃദം പങ്കിടാനും വേണ്ടി ജ്യോതിയിലെ പൂർവ്വവിദ്യാർത്ഥികൾ പത്ത് ലക്ഷം രൂപ മുടക്കി നിർമ്മിച്ച കണ്ണിന്റെ മാതൃകയിലുള്ള ഉദ്യാനം കോളേജിന്റെ മുൻ ചെയർമാൻ മാർ ജേക്കബ്ബ് തൂങ്കുഴി ഉദ്ഘാടനം ചെയ്തു.

**4. അശോക് ലൈലാന്റ് എഞ്ചിൻ എക്സിബിഷൻ :**

മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കോളേജിലെ വിദ്യാർത്ഥികൾക്ക് അശോക് ലൈലാന്റിന്റെ പുതിയ എഞ്ചിന്റെ പ്രവർത്തനത്തെക്കുറിച്ച് സെമിനാറും, പ്രവർത്തനരീതികളും കാണിച്ചു കൊടുത്തു.

**5. ഇ–ഹാക്ക് സെമിനാർ :**

കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇ. ഹാക്ക് – നെക്കുറിച്ച് രണ്ട് ദിവസത്തെ സെമിനാർ നടത്തി. ഇന്ത്യൻ സർവേഴ്സ് സി.ഇ.ഒ സായ് സതീഷ് സെമിനാറിന് നേതൃത്വം കൊടുത്തു.

**6. കോളേജ് ആർട്സ് ഡേ**

കോളേജ് ആർട്സ് ഡേ കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിററി രജിസ്ട്രാർ ഡോ. ജയപ്രകാശ് ആർ.കെ. ഉദ്ഘാടനം ചെയ്തു.

**7. ടെക് ഫെസ്ററ് – തരംഗ് 2019 :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ശക്തൻ ബസ് സ്ററാന്റിന് സമീപമുള്ള കോർപ്പറേഷൻ ഗ്രൗണ്ടിൽ ഫെബ്രുവരി 23, 24 തിയ്യതികളിൽ ടെക് ഫെസ്ററ് നടത്തി.

കേരള കൃഷി വകുപ്പു മന്ത്രി ശ്രീ. വി. എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്ത ടെക് ഫെസ്ററിൽ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു.

**8. ധീരസൈനികർക്ക് ആദരം അർപ്പിച്ചുകൊണ്ട് ഫ്ളാഷ് മോബ്**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ പുൽവാമയിലെ ഭീകര ആക്രമണത്തിൽ വീര മൃത്യു വരിച്ച ധീരസൈനികർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് തൃശൂർ ശക്തൻ സ്റ്റാന്റ് പരിസരത്ത് ഫ്ളാഷ് മോബ് നടത്തി.

9. **ട്രാഫിക് സിഗ്നലിങ്ങ് സിസ്ററം**

കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് അസ്സോസിയഷന്റെ നേതൃത്വത്തിൽ ട്രാഫിക് സിഗ്നലിങ്ങ് സിസ്ററത്തെക്കുറിച്ച് സെമിനാർ നടത്തി. തിരുവനന്തപുരം CDAC അസ്സോസിയേററ് ഡയറക്ടർ ഡോ. പി. രവികുമാർ സെമിനാറിന് ക്ലാസ്സെടുത്തു.

10. **വർക്ക്ഷോപ്പ് ഓൺ ലാടെക്സ്**

കമ്പ്യൂട്ടർ സയൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ലാടെക്സ് ഫോർ ഔവർ സ്റ്റുഡന്റ്സ് എന്നതിനെക്കുറിച്ച് സെമിനാർ നടത്തി.

11. **സ്റ്റുഡന്റ്സ് അസ്സോസിയേഷൻ:**

ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ സ്ററുഡന്റ്സ് അസ്സോസിയേഷന്റെ ഉദ്ഘാടനം കാരുണ്യ യൂണിവേഴ്സിററി വകുപ്പുതല മേധാവി ഡോ. ഡി. നിർമ്മൽ നിർവ്വഹിക്കുകയും, മെർജിങ്ങ് ട്രെൻഡ്സ് ഇൻ മൈക്രോ ഇലക്ട്രോണിക്സ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

12. **NRI അഡ്മിഷൻ ആരംഭിച്ചു**

ജ്യോതി എൻജിനീയറിംഗ് കോളേജിലേക്കുള്ള അടുത്ത വർഷത്തെ NRI ക്വാട്ടയിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ചേരാനാഗ്രഹിക്കുന്നവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

www.jecc.ac.in / Helpline No. +91 95269 64455

13. **പുതിയ അഡ്മിഷൻ – രജിസ്ട്രേഷൻ തുടങ്ങി**

അടുത്ത വർഷത്തേക്കുള്ള പുതിയ ബാച്ചിലേക്ക് ഉള്ള അഡ്മിഷന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. സിവിൽ, മെക്കാനിക്കൽ, മെക്കട്രോണിക്സ്, കമ്പൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എന്നിവയിൽ ബി. ടെകിനും, പവർ ഇലക്ട്രോണിക്സ്, ട്രാൻസ്പോർട്ടേഷൻ എൻജിനീയിംഗ് , കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ തുടങ്ങിയവയിൽ എം. ടെകിനും മുൻകൂട്ടി രജിസ്ട്രേഷൻ നടത്താം. കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്നതിൽ ബന്ധപ്പെടുക.

www.jecc.ac.in
Phone Nos. **+91 95269 24455**
**95269 64455**

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി & അസി. മാനേജർ

**മോൺ തോമസ് കാക്കശ്ശേരി**
മാനേജർ




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **കോളേജ് ഡേ ആഘോഷിച്ചു**
   മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 2018–2019 വർഷത്തെ കോളേജ് ഡേ ആഘോഷം 15–3–2019 വെള്ളി, 18–03–2019 തിങ്കൾ എന്നീ ദിവസങ്ങളിൽ സമുചിതമായി ആഘോഷിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്ത ദിനാഘോഷത്തിൽ കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മൽ അധ്യക്ഷനായി. വിദ്യാർത്ഥികളുടെ കലാപരിപാടികളും സമ്മാനവിതരണവും മുഖ്യ ആകർഷകമായിരുന്നു.
2. **ക്ലാസ് സംഘടിപ്പിച്ചു**
   'സ്പോക്കൺ ഇംഗ്ലീഷിന്റെ പ്രാധാന്യം' എന്ന വിഷയത്തെ ആസ്പദമാക്കി 13–03–2019 ബുധനാഴ്ച മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. ബിജു ഫ്രാൻസീസ് ക്ലാസ്സിന് നേതൃത്വം നൽകി.
3. **മോഡൽ പരീക്ഷ ആരംഭിച്ചു**
   മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജ് മുള്ളൂർക്കരയിലെ 2018–2020 വർഷത്തെ വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷ ഏപ്രിൽ 8 മുതൽ ആരംഭിച്ചു.
4. **യാത്രയയപ്പ് യോഗം സംഘടിപ്പിച്ചു**
   മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജ് മുള്ളൂർക്കരയിലെ 2017–2019 വർഷത്തെ വിദ്യാർത്ഥികളുടെ യാത്രയയപ്പ് യോഗം 29–03–2019 വെള്ളിയാഴ്ച സംഘടിപ്പിച്ചു.
5. **സെമസ്റ്റർ പരീക്ഷ ആരംഭിച്ചു**
   മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജ് മുള്ളൂർക്കരയിലെ രണ്ടാം വർഷ വിദ്യാർത്ഥികളുടെ നാലാ സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ ഏപ്രിൽ 8–ാം തിയ്യതി ആരംഭിച്ചു.
6. **യാത്രയയപ്പ്**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഇംഗ്ലീഷ് അദ്ധ്യാപിക ശ്രീമതി. മഞ്ജു പി.കെ യ്ക്ക് ഏപ്രിൽ 8–ാം തിയ്യതി യാത്രയയപ്പ് സംഘടിപ്പിച്ചു. പി.എച്ച്.ഡി ചെയ്യുവാനായി മഹാജൂബിലി കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# സാന്ത്വനം

1. **ലോകവനിതാദിനം**

സ്നേഹനിധി വനിതാദിനാഘോഷം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് സി.ആർ.ഐ പ്രസിഡന്റ് റവ.സി.റോസ് അനിത എഫ്.സി.സി ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ സ്ത്രീകളാണ് ഉണർന്ന് പ്രവർത്തിക്കേണ്ടതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സിസ്റ്റർ ഉദ്ബോധിപ്പിച്ചു. പ്രൊഫ.എലിസബത്ത് മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീമതി. ലിസി വർഗ്ഗീസ് സ്വാഗതവും, സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ആമുഖപ്രഭാഷണവും നടത്തി. വികാരി ജനറാൾ. തോമസ് കാക്കശ്ശേരി, കെ.എസ്.എസ്. ഫോറം ഡയറക്ടർ റവ.ഫാ. ജോർജ് വെട്ടിക്കാട്ടിൽ, മംഗലം ഡാം വികാരി. ഫാ.ചെറിയാൻ ആഞ്ഞിലിമൂട്ടിൽ, സാന്ത്വനം അസി.ഡയറക്ടർ, ഫാ.സിന്റോ തൊറയൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

2. **ചക്ക സംസ്ക്കരണം – പരിശീലനവും ബോധവൽക്കരണവും**

2019 ചക്ക വർഷം പ്രമാണിച്ച് സ്നേഹനിധി അംഗങ്ങൾക്കായി ചക്കസംസ്ക്കരണം, ചക്ക വിഭവങ്ങളുടെ പാചകം എന്നിവയെക്കുറിച്ചുള്ള ക്ലാസ്സ് സംഘടിപ്പിച്ചു. മംഗലം ഡാം വികാരി ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിലിന്റെ നേതൃത്വത്തിൽ സംഘാംഗങ്ങൾ അവതരിപ്പിച്ച ക്ലാസ്സിൽ ചക്ക സംസ്ക്കരണം, മൂല്യവർധിത ചക്ക ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയും ചക്ക, ചക്ക ചവിണി, ചക്കക്കുരു, പ്ലാവില എന്നിവകൊണ്ടുണ്ടാക്കാവുന്ന വിവിധ പാചകരീതികളും ഉൾപ്പെടുത്തിയിരുന്നു. ശ്രീമതി. ടെസി കാട്ടുക്കാ

രൻ, ശ്രീമതി. ലീലാമ്മ മംഗലം ഡാം എന്നിവർ പാചകത്തിന് നേതൃത്വം നൽകി.

**3. മിറർ 2019–അവധിക്കാല ക്യാമ്പ് സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ ഗോഡ്സ് ഓൺ ഫാമിലി, ജെസ്പ് II, ആശാകിരണം–ലാവൻഡർ ആർമി പ്രോജക്റ്റുകളിലെ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് മിറർ 2019–അവധിക്കാല ക്യാമ്പ് ആമ്പല്ലൂർ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വെച്ച് നടത്തുകയുണ്ടായി. മൂന്ന് ദിവസം നീണ്ടുനിന്ന ക്യാമ്പിൽ ഗുണഭോക്തൃകുടുംബങ്ങളിലെ 5 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളാണ് പങ്കെടുത്തത്. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

**4. വിധവകൾക്ക് ജീവനോപാധി ഫണ്ട് വിതരണം**

തൃശ്ശൂർ അതിരൂപതയിലെ പ്രളയത്തിൽപ്പെട്ട പ്രദേശങ്ങളിലെ 50 വയസിനു താഴെയുള്ള 15 വിധവകൾക്ക് ആടിനെ വാങ്ങുന്നതിനായി 13,000 രൂപയുടെ ചെക്ക്, കെ.എസ്.എസ്.ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിൽ നൽകുകയുണ്ടായി. ആടിനെ വളർത്തി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉയർത്താൻ സാധിക്കുമെന്ന് ഡയറക്റച്ചൻ ഓർമ്മിപ്പിച്ചു.

**5. ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു.**

ഗോഡ്സ് ഓൺ ഫാമിലി, ജെസ്പ് II, ആശാകിരണം–ലാവൻഡർ ആർമി എന്നീ പ്രോജക്റ്റുകളിൽ ഉൾപ്പെട്ട കുട്ടികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. ഇരുന്നൂറോളം കുട്ടികളും 20 സ്റ്റാഫ് അംഗങ്ങളും പങ്കെടുത്ത യാത്രയിൽ വരിക്കാശ്ശേരി മന, ടിപ്പു സുൽത്താൻ കോട്ട, മലമ്പുഴ ഡാം എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് രാത്രി 8 മണിയോടെ തിരിച്ചെത്തി.

**6. സേവ് എ ഫാമിലി പ്ലാൻ**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനായി പുതുക്കാട് റീജിയണിലെ കണ്ണാറ, വിലങ്ങന്നൂർ, പീച്ചി എന്നീ സെന്ററുകളും ഒല്ലൂക്കര റീജിയണിലെ എടക്കളത്തൂർ, പോന്നോർ എന്നീ സെന്ററുകളും കോഡിനേറ്ററും ആനിമേറ്ററും ചേർന്ന് സന്ദർശിച്ചു. കൂടാതെ ഈ സഥലങ്ങളിലെ നിലവിലുള്ള കുടുബങ്ങളിൽ മോണറ്ററിംഗ് വിസിറ്റും നടത്തുകയുണ്ടായി. സന്ദർശനത്തിൽ മുഖ്യമായി കുടുബം അഭിമുഖീകരിക്കുന്ന പ്രശ്നം, പരിഹാരമാർഗ്ഗങ്ങൾ, സ്വയം തൊഴിൽ തെരഞ്ഞെടുക്കൽ എന്നിവയെപ്പറ്റി ചർച്ച ചെയ്തു

**7. വിധവകളെ ആദരിച്ചു**

തൃശ്ശൂർ അതിരൂപത സ്നേഹനിധിയുടെ ആഭിമുഖ്യത്തിൽ സ്നേഹനിധി യൂണിറ്റുകളിലെ 50 വയസിനു താഴെയുള്ള പ്രചോദനാത്മക ജീവിതം നയിക്കുന്ന 12 വിധവകളെ തിരഞ്ഞെടുത്ത് ആദരിച്ചു. തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തപ്പെട്ട ചടങ്ങിൽ വികാരി ജനറാൾ തോമസ് കാക്കശ്ശേരി വിധവകളെ പൊന്നാടയണിച്ചുകൊണ്ടാണ് ആദരിക്കൽ നടത്തിയത്. 12 വിധവകളിൽ നിന്നും വിവിധ തലങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച പുത്തൻപീടിക യൂണിറ്റിലെ ശ്രീമതി.മിനി ആന്റോയെ കേരള സോഷ്യൽ സർവ്വീസ് ഫോറം മാതൃകാ വിധവയായി തിരഞ്ഞെടുക്കുകയും കോട്ടയത്ത് വെച്ച് നടത്തിയ വനതാദിനാഘോഷത്തിൽ വെച്ച് മെമന്റോ നൽകി ആദരിക്കുകയും ചെയ്തു.

**8. പഠനോപകരണങ്ങൾ വിതരണം ചെയ്തു.**

മിറർ 2019 അവധിക്കാലക്യാമ്പിനോടനുബന്ധിച്ച് വിവിധ പ്രോജക്റ്റുളിൽ ഉൾപ്പെട്ട കുട്ടികളുടെ മാതാപിതാക്കളുടെ സംഗമവും ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. ക്യാമ്പിന്റെയും, പേരന്റ്സ് മീറ്റിന്റെയും സമാപനചടങ്ങ് തൃശൂർ അതിരൂപത മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ സാന്ത്വനത്തിന്റെ ഗോഡ്സ് ഓൺ ഫാമിലി, ജെസ്പ് II, ആശാകിരണം-ലാവൻഡർ ആർമി പ്രോജക്റ്റുകളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**9. ആടുവളർത്തൽ പരിശീലന പരിപാടി**

ആട് കൃഷി നടത്തുവാൻ താൽപര്യമുള്ള വ്യക്തികൾക്കുവേണ്ടി ഏകദിന ആടുവളർത്തൽ പരിശീലന പരിപാടി സാന്ത്വനം സംഘടിപ്പിച്ചു. ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തപ്പെട്ട പരിശീലന പരിപാടിയ്ക്ക് വെറ്റിനറി ഡോക്ടർ പി. ഗോപി കൃഷ്ണൻ നേതൃത്വം നൽകി. ആടുകളെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ, പരിചരണ രീതികൾ, ഭക്ഷണക്രമങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി ഡോക്ടർ ക്ലാസ്സ് നയിക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു. 104 പേർ പങ്കെടുത്ത പരിശീലന പരിപാടിയ്ക്ക് കോ-ഓർഡിനേറ്റർ ഐറീൻ ജോൺസൺ, മറ്റു സ്റ്റാഫംഗങ്ങൾ,തുടങ്ങിയവർ നേതൃത്വം നൽകി.

**10. സ്നേഹനിധി ഡയറക്ടറി പ്രകാശനം**

സ്നേഹനിധിയുടെ 2019-2022 വർഷത്തേക്കുള്ള ഡയറക്ടറിയുടെ പ്രകാശനം, മംഗലം ഡാം വികാരി ഫാ. ചെറിയാൻ ആഞ്ഞിലി

മൂട്ടിൽ നിർവഹിച്ചു. സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, കുടുതൽ സജീവമാക്കുന്നതിനുമാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്.

**11. കരുതൽ ക്ഷേമപദ്ധതി**

സ്നേഹനിധി ഇതുവരെ 296 അംഗങ്ങൾക്കായി 15,85,890 രൂപ കരുതൽ സഹായം നൽകി. 190 വിവാഹ സഹായവും, 84 ചികിൽസാ സഹായവും, 22 മരണാനന്തരസഹായവുമാണ് നല്കിയത്.

**12. SHG BAT(Basic Action Team)Meeting/ സന്ദർശനം നടത്തി.**

കോ–ഓർഡിനേറ്ററിന്റെയും ആനിമേറ്ററിന്റെയും നേതൃത്വത്തിൽ പെരിഞ്ചേരി, കണ്ണാറ, വെട്ടുകാട്, കല്ലൂർ ഈസ്റ്റ്, വലക്കാവ്, വെള്ളാനിക്കോട് എന്നീ യൂണിറ്റുകളിൽ BAT Meeting നടത്തുകയും അവർക്കു വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**13. അക്കൗണ്ട് ക്ലോസ് ചെയ്തു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ കാലാവധി കഴിഞ്ഞ 7 കുടുബങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ ബാക്കിയുള്ള തുക കുടുംബങ്ങൾക്ക് കൈമാറുകയും അക്കൗണ്ട് ക്ലോസ് ചെയ്യുകയും ചെയ്തു.

**14. ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം/ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| എൽതുരുത്ത് | –Rs.20,000/-, | വെങ്ങിണിശ്ശേരി | -Rs28,000/- |
| ചുവന്നമണ്ണ് | –Rs.15,000/, | വിയ്യൂർ | –Rs.28,000/- |
| Rs.പുറനാട്ടുകര | –Rs.97,370/, | ചേലക്കര | -Rs.9,000/- |
| ആറ്റുപുറം | –Rs.8,000/-, | ചിറ്റിലപ്പിള്ളി | –Rs.8,000/- |
| മുണ്ടൂർ | –Rs.5,000/-. | മറ്റം | –Rs.15,000/- |
| പുറനാട്ടുകര | –Rs.8,000/-, | പങ്ങാരപ്പിള്ളി | –Rs.38,700/- |

**15. അതിജീവൻ ആട് വിതരണ പദ്ധതി**

കാരിത്താസ് ഇന്ത്യയുടെ പ്രളയാനന്തര പുനരധിവാസ പദ്ധതിയായ അതിജീവൻ പ്രോജക്റ്റിന്റെ ഭാഗമായി ഏങ്ങണ്ടിയൂർ, തൊയക്കാവ്, ഏനമ്മാവ് എന്നീ ഇടവകളിൽ രൂപീകരിച്ച കമ്മിറ്റികളുടെ സഹകരണത്തോടെ തിരഞ്ഞെടുത്ത അർഹരായ 82 കുടുംബങ്ങളിലേക്ക് ജീവനോപാധിക്കായി രണ്ട് ആടുകൾ വീതം വിതരണം ചെയ്തു. വിതരണോദ്ഘാടനം തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു.

**16. ഹാപ്പി ഹോംസ്**

ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസ് കാരിത്താസ് ഇറ്റാലിയാനയും തൃശ്ശൂർ അതിരൂപതയും ചേർന്ന് നടപ്പിലാക്കുന്ന ഹാപ്പി ഹോംസ് ഭവന പദ്ധതിയിലെ 13 വീടുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

1. **ഏലീശാ മീറ്റ്: ഗർഭിണികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാശുശ്രൂഷ**

   ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ ആരംഭിക്കുന്നുവെന്ന് തെളിയക്കപ്പെട്ടിരിക്കുന്ന കാലമാണിന്ന്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാരിക പക്വതയുള്ളവരായിത്തീരും. ഇങ്ങനെയുള്ള മക്കൾക്ക് ജന്മം നൽകുന്നതിന് സഹായിക്കുവാനായി തൃശ്ശൂർ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദ്ഗ്ധരുടെ ഉപദേശങ്ങളും അടങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ദൈവമക്കൾക്ക് ജന്മം നൽകുവാൻ സഹായിക്കുന്ന ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മെയ് 12–ാം തിയ്യതി രാവിലെ 10.30 മുതൽ 3.30 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

2. **നവദമ്പതിസംഗമം: മെയ് 19 ഞായർ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ പന്ത്രണ്ടാമത്തെ കൂട്ടായ്മയാണ് മെയ് 19–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

3. **ബധിരരും മൂകരുമായ വിവാഹിതർക്കുള്ള പോസ്റ്റ് കാന കോഴ്സ്**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരു മായ വിവാഹിതർക്കുള്ള ഏകദിന പോസ്റ്റ് കാന കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മെയ് 26–ാം തിയ്യതി ഞായറാഴ്ച്ച നടക്കുന്നു. വിവാഹിതരായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹിതരായ എല്ലാവരേയും പറഞ്ഞുവിടുമല്ലോ.

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി.ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# കുടുംബകൂട്ടായ്മ

1. **മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

പാവങ്ങളുടെ പിതാവ് എന്ന അപരനാമത്തിൽ ലോകമെങ്ങും അറിയപ്പെട്ട തൃശ്ശൂർ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ 21–ാം ചരമവാർഷികത്തോടനുബന്ധിച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ അതിരൂപത കുടും

ബകൂട്ടായ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അനുസ്മരണ യോഗം ഉദ്ഘാടന കർമ്മം നിർവ്വഹിച്ച ആൻഡ്രൂസ് പിതാവിനും സാന്നിദ്ധ്യം കൊണ്ടും സഹകരണം കൊണ്ടും സഹായിച്ച എല്ലാ വികാരിയച്ചന്മാർക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും മറ്റു സംഘടനാ നേതാക്കൾക്കും സുഹൃത്തുക്കൾക്കും അതിരൂപത കുടുംബകൂട്ടായ്മയുടെ സ്നേഹം നിറഞ്ഞ നന്ദി.

2. **ചർച്ചാപഠനപരിശീലന ക്യാമ്പ്**

ഏപ്രിൽ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ജൂൺ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മെയ് 25-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

| **എ.എ. ആന്റണി** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# മാതൃവേദി

1. **മാതൃവേദി അംഗങ്ങൾക്കായുള്ള സെമിനാർ**

മുതിർന്ന മാതാപിതാക്കളുടെ സംരക്ഷണത്തിൽ അമ്മമാരുടെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി അംഗങ്ങൾക്കായുള്ള സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 2019 മെയ് 16, വ്യാഴാഴ്ച്ച രാവിലെ 10 മുതൽ 1 മണി വരെ ഉണ്ടായിരിക്കുന്നതാണ്. എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

2. **കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന

ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും മെയ് മാസത്തിൽ നടത്തേണ്ടത് പുത്തൂർ, ലൂർദ്ദ് എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**3. വൃക്ഷതൈ വിതരണം**

അതിരൂപതയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ അമ്മമാർക്കും വൃക്ഷത്തൈ നൽകുന്നതാണ്. ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന വൃക്ഷതൈ വിതണത്തിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

4. **മംഗല്യ ഗാന നൃത്ത മത്സരം**

മാതൃവേദി അംഗങ്ങൾക്കായുള്ള മംഗല്യഗാനനൃത്ത മത്സരം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്. താഴെ പറയുന്ന നിയമാവലിക്കനുസൃതമായി പങ്കെടുക്കുന്നവർ ഒരുങ്ങാൻ ശ്രമിക്കുമല്ലോ.

1. മംഗല്യ ഗാന നൃത്ത മത്സരം മെയ് 21 ന് ചൊവ്വാഴ്ച്ച രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്. 9.30 ന് എല്ലാ മത്സരാർത്ഥികളും ചെസ്റ്റ് നമ്പർ സ്വീകരിക്കേണ്ടതാണ്.
2. ഒരു ടീമിൽ 15 ൽ കുറയാനോ 20 പേരിൽ കൂടാനോ പാടില്ല.
3. പങ്കെടുക്കുന്ന ടീമുകൾ മെയ് 15 ന് മുൻപായി അതിരൂപത ഭാരവാഹികളെ അറിയിക്കണം. മെയ് 15 ന് ശേഷം വരുന്ന ടീമുകളെ പരിഗണിക്കുന്നതല്ല.
4. മത്സര സമയം 10 മിനിറ്റ്. 9 മിനിറ്റിൽ വാണിങ്ങ് ബെൽ അടിക്കും. 10 മിനിറ്റിൽ സമാപനം.
5. സ്റ്റേജ്, സെറ്റ് ചെയ്യുന്നതിന് 5 മിനിറ്റ് ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ആകെ 15 മിനിറ്റ് ഉണ്ടായിരിക്കും.
6. മത്സരം ഫൊറോന അടിസ്ഥാനത്തിലല്ല. യൂണിറ്റ് അടിസ്ഥാനത്തിലായിരിക്കും.
7. മൈക്ക് ഉണ്ടായിരിക്കുന്നതല്ല, റെക്കോർഡിങ്ങ് അനുവദിച്ചിട്ടില്ല.
8. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

| | | |
|---|---|---|
| **മേരി വിൻസെന്റ്** | **ജൂലി ബാബു** | **ഫാ. ഡെന്നി താണിക്കൽ** |
| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**1. തിരുമണിക്കൂർ ആരാധന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധ നയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**2. വലിയ കുടുംബങ്ങളുടെ സംഗമം**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിലെ 2000 നുശേഷം വിവാഹിതരായി 4 ഉം അതിൽ കൂടുതൽ മക്കളുള്ള ദമ്പതികളുടെ സംഗമം വരുന്ന മെയ് 25–ാം തിയ്യതി ശനിയാഴ്ച്ച തൃശ്ശൂർ ഡി.ബി.സി.എൽ.സി ഹാളിൽ വച്ച് ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.30 വരെ സംഘടിപ്പിച്ചിരിക്കുന്നു. ഈ സംഗമത്തിലേക്ക് നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബ ങ്ങളെ പറഞ്ഞയക്കുമല്ലോ.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




1. **Excel Plus II Med. / Eng. Tution & Entrance Class**
   **2019 – 20** വർഷങ്ങളിലെ മെഡിക്കൽ/എഞ്ചിനീയറിങ്ങ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ട്യൂഷൻ പ്ലസ് എൻട്രൻസ്, പ്ലസ് ടു ക്ലാസുകളിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. പ്ലസ് ടു ക്ലാസുകൾ, വെക്കേഷനിൽ എല്ലാ ആഴ്ചയിലും **തിങ്കൾ, ചൊവ്വ, ബുധൻ** ദിവസങ്ങളിൽ **9.30 മണി മുതൽ 4 മണി**വരേയും, **ജൂൺ മാസം മുതൽ മോർണിങ്ങ്, സൺഡേ** & **ഹോളിഡേ** ബാച്ചുകളായി ബിഷപ്പ് ഹൗസ് കാമ്പസിൽ ക്ലാസുകൾ ഉണ്ടായിരിക്കും.
2. **Excel Plus I Med. / Eng. Tution & Entrance Class**
   S.S.L.C. കഴിഞ്ഞ് പ്ലസ് **I**ൽ ചേരുന്ന വിദ്യാർത്ഥികൾക്കുള്ള Med. / Engg. Tuition & Entrance Classകൾ **മെയ് 20–ാം തിയതി** ബിഷപ്പ് ഹൗസ് കാമ്പസിൽ ആരംഭിക്കും. മോർണിങ്ങ്, സൺഡേ & ഹോളിഡേ ബാച്ചുകളായി, രണ്ട് ബാച്ചുകളായിട്ടാണ് ക്ലാസുകൾ നടത്തുന്നത്.
3. **Excel Med. / Engg. Free Bridge Course**
   **2019 മെയ് 7, 8, 9** തിയതികളിൽ മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന **(Med. / Engg.) Free Bridge Course,** തൃശൂർ ബിഷപ്പ് ഹൗസ്, എക്സൽ കാമ്പസിൽ വെച്ച് നടത്തുന്നതാണ്. പത്താംക്ലാസ് ഇപ്പോൾ പരീക്ഷ എഴുതിയിരിക്കുന്നവർക്ക് **Bridge Course**ൽ പങ്കെടുക്കാവുന്നതാണ്. **റജിസ്ട്രേഷൻ ഫീസ് – 150/-.**

4. **Excel Med. / Eng. Entrance Repeater Batch**
   **2019 – 20** വർഷങ്ങളിലെ മെഡിക്കൽ/എഞ്ചിനീയറിങ്ങ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള **Med. / Eng. Entrance, Repeater Batch ജൂൺ 3ന് ആരംഭിക്കും.**
5. **Excel (Civil Service) Bridge Course**
   **2019 ഏപ്രിൽ 25–ാം** തിയതി മുതൽ **20 ദിവസം** നീണ്ടുനിൽക്കുന്ന സിവിൽ സർവ്വീസ്, ബ്രിഡ്ജ് കോഴ്സ്, എക്സൽ സിവിൽ സർവ്വീസ്, അവിണിശ്ശേരി കാമ്പസിൽ വെച്ച് നടന്നു. ഇരുന്നൂറോളം കുട്ടികൾ ബ്രിഡ്ജ് കോഴ്സിൽ പങ്കെടുത്തിരുന്നു.

6. **Excel (Parish level) Scholarship Final Exam**

**2019 ഏപ്രിൽ 3–ാം** തിയതി **DBCLC** ഹാളിൽ വെച്ച് നടന്ന Final Exam-ന്റെ റിസൽട്ട് ഏപ്രിൽ 25–ാം തിയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. **(www.excel neet.com)**

7. **Excel Science Genius Final Exam**

2019 ഏപ്രിൽ 6–ാം തിയതി **DBCLC** ഹാളിൽ വെച്ച് നടന്ന Excel Science Genius Final Exam-ന്റെ റിസൽട്ട് ഏപ്രിൽ 30–ാം തിയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. **(www.excel neet.com)**

8. **Excel Junior IAS Final Exam**

**1200** പേർ പങ്കെടുത്ത Excel Junior IAS Final Exam-ന്റെ റിസൽട്ട് ഏപ്രിൽ 30–ാം തിയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. **www.excel iasacademy.com)**

9. **Excel PSC Course**

എക്സൽഅക്കാദമിയുടെ നേതൃത്വത്തിൽ പി.എസ്. സി., റെഗുലർ ക്ലാസുകളുടെ പുതിയ ബാച്ച് ഏപ്രിൽ 1–ാം തിയതി ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

10. **Excel Merit Day**

**2019 ജൂൺ 8–ാം** തിയതി രാവിലെ 9.30ന് (രണ്ടാം ശനിയാഴ്ച) എക്സൽ അക്കാദമിയുടെ Merit Day, St. Thomas College, Academic Block Auditoriumത്തിൽ വെച്ച് നടക്കും. Scholarship Exam, Science Genius Exam, Best Student Teacher Competition, S.S.L.C. Full A+, Plus II Full A+, Repearter Med. / Eng. Top Winners ഇവർക്കുള്ള കാഷ് അവാർഡുകളും ട്രോഫികളും Merit Dayയിൽ നൽകുന്നതായിരിക്കും

**കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 8907804280, 9847276657**

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ




1. **കുരിശിന്റെ പീഡാനുഭവ സഹനയാത്ര**

KCYM തൃശൂർ അതിരൂപത സമിതിയുടെയും വടക്കാഞ്ചേരി ഫൊറോന KCYM സമിതിയുടെയും ആഭിമുഖ്യത്തിൽ മൂന്നാമത് പീഡാനുഭവ സഹനയാത്ര വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് മൗണ്ടിലേക്ക് നടന്നു. തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് പീഡാനുഭവ സഹനയാത്ര ഉദ്ഘാടനം ചെയ്തു. അതിരൂപത KCYM ഡയറക്ടർ ഫാ. ഡിറ്റോ കൂള ദിവ്യ ബലി അർപ്പിച്ചു. ഫൊറോന KCYM ഡയറക്ടർ ഫാ. ജോയ്സൺ കോരോത്ത് കുരിശിന്റെ പ്രയാണത്തിന് നേതൃത്വം നൽകി. വടക്കാഞ്ചേരി ഫൊറോന വികാരി ഫ്രാൻസിസ് തരകൻ, അസിസ്റ്റന്റ് വികാരി ആൻസൺ നീലങ്കാവിൽ എന്നിവർ സന്ദേശം നൽകി.

2. **പാലയൂർ മഹാതീർത്ഥാടനത്തിന് വളണ്ടിയർ കമ്മിറ്റി**

22–ാമത് പാലയൂർ മഹാതീർത്ഥാടനത്തിന് തൃശൂർ അതിരൂപത KCYM വളണ്ടർ കമ്മറ്റിയായി സേവനം അനുഷ്ഠിച്ചു. തീർത്ഥാടകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും, ലഘുഭക്ഷണ ക്രമീകരണത്തിനും നേതൃത്വം നൽകി. രൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, പ്രസിഡന്റ് സാജൻ ജോസ് എന്നിവർ നേതൃത്വം നൽകി.

3. **അതിരൂപത KCYM പാലയൂർ തീർത്ഥാടനം നടത്തി**


മാർച്ച് 29, വെള്ളിയാഴ്ച തൃശൂർ അതിരൂപതയിലെ KCYM യുവജനങ്ങൾ പാലയൂർ തീർത്ഥാടനം നടത്തി. തൃശൂർ പുത്തൻപള്ളിയിൽനിന്ന് ആരംഭിച്ച കാൽനട യാത്രയ്ക്ക് തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. KCYM ഡയറക്ടർ ഫാ. ഡിറ്റോ കൂള ഫ്ളാഗ് ഓഫ് ചെയ്തു.

4. **ഫൊറോന യോഗവും അതിരൂപത ഭാരവാഹികൾക്ക് സ്വീകരണവും**

വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോന പള്ളിയിൽ വെച്ച് 31/03/2019 ഞായറാഴ്ച 2 മണിക്ക് ഫൊറോന ജനറൽ ബോഡി യോഗവും പുതിയ അതിരൂപത ഭാരവാഹികൾക്ക് സ്വീകരണവും നൽകി. ഫാ. ഡിറ്റോ കൂള, ഫാ. ഫ്രാൻസിസ് തരകൻ, ഫാ. ജോയ്സൺ കോരോത്ത്, ഫാ. റിനാൽഡ് പുലിക്കോടൻ, ഫാ. ആൻസൻ നീലങ്കാവിൽ, സി. ടീന മരിയ, സാജൻ ജോസ്, ബിബിൻ തേർമഠം എന്നിവർ നേതൃത്വം നൽകി.

പഴുവിൽ സെന്റ് ആന്റണീസ് പള്ളിയിൽ വെച്ച് മാർച്ച് 24 ഞായറാഴ്ച രാവിലെ 11.30 ന് ഫൊറോന ജനറൽ ബോഡി യോഗവും പുതിയ അതിരൂപത ഭാരവാഹികൾക്ക് സ്വീകരണവും നൽകി. ഫാ. ഡിറ്റോ കൂള, ഫാ. പോൾ താണിക്കൽ, ഫാ. ജോൺ പോൾ ചെമ്മണ്ണൂർ, ഫാ. റിനാൽഡ് പുലിക്കോടൻ, സി. ടീന മരിയ, സാജൻ ജോസ്, അഖിൽ പി. ആന്റോ, എന്നിവർ നേതൃത്വ നൽകി.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# സി.എൽ.സി.

1. **അതിരൂപത സി.എൽ.സി. സ്നേഹ സംഗമം**

അതിരൂപത സി എൽ സി യുടെ നേതൃത്വത്തിൽ, മാർച്ച് 14 നു ദേവമാത സ്കൂളിൽ വച്ചു അതിരൂപത മുൻ ഭാരവാഹികളുടെ സംഗമം നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ കാർമ്മികത്വത്തിലുള്ള വിശുദ്ധ കുർബാനയോടെയാണ് സ്നേഹസംഗമം ആരംഭിച്ചത്. വിവിധ കാലഘട്ടങ്ങളിലായി അതിരൂപത സി.എൽ.സി.യെ നയിച്ച 160 ഓളം ഭാരവാഹികൾ സംഗമത്തിൽ പങ്കെടുത്തു. മാർ ജേക്കബ് തൂങ്കുഴി പിതാവ് സ്നേഹ സംഗമം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോമി ജോൺസൻ

അധ്യക്ഷത വഹിച്ചു. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖ പ്രഭാഷണം നടത്തി. മുൻ പ്രമോട്ടർമാരായ ഫാ.ജോസ് പുന്നോലി പറമ്പിൽ, ഫാ. ജോൺസൻ ചാലിശ്ശേരി തുടങ്ങിയവർ യോഗത്തിൽ സന്നിഹിതരായിരുന്നു. ഒട്ടേറെ സ്മരണകളുടെ പങ്കുവെക്കൽ വഴി, സ്നേഹ സംഗമം എല്ലാവർക്കും വേറിട്ടൊരു അനുഭവം ആയി. എല്ലാവർഷവും സ്നേഹസംഗമം നടത്തുവാൻ തീരുമാനിച്ചു. സ്നേഹ സംഗമത്തിന്റെ സ്മരണക്കായി, കാരിത്ത കാരുണ്യ നിധി രൂപീകരിച്ചു.

2. **457–ാമത് ലോക സി.എൽ.സി. ദിനാഘോഷം അരണാട്ടുകരയിൽ ആഘോഷിച്ചു.**

തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 457മത് ലോക സി.എൽ.സി. ദിനാഘോഷങ്ങൾക്ക് അരണാട്ടുകര സെന്റ് തോമസ് ഇടവക ആഥിത്യമരുളി. മാർച്ച് 24 ഞായറാഴ്ച കാലത്ത് 9.30നുള്ള വി. കുർബാനയോടെ ആരംഭിച്ച ആഘോഷ പരിപാടികൾ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. സി.എൽ.സി. പ്രസിഡന്റ് ജോമി ജോൺസൺ അധ്യക്ഷത വഹിച്ചു. വിവിധ രംഗങ്ങളിൽ മികവ് പുലർത്തിയ സി.എൽ.സി.ക്കാരെയും മോഡൽ യൂണിറ്റ്, മോഡൽ ഫൊറോന അവാർഡ് ജേതാക്കളെയും ആദരിച്ചു. മരിയൻ റാലി, പതാക വന്ദനം, കലാ പരിപാടികൾ, സ്നേഹ വിരുന്ന് എന്നിവ ആഘോഷങ്ങൾക്ക് കൊഴുപ്പേകി. ഫാ. ബാബു പാണാട്ടുപറമ്പിൽ, ഫാ. ജിയോ തെക്കിനിയത്ത്, ഫാ. മാത്യു വെട്ടത്ത് , ഫാ. ഫ്രെജോ വാഴപ്പിള്ളി, എന്നിവർ പ്രസംഗിച്ചു. വിവിധ ഇടവകകളിൽ നിന്നായി 600ളം സി എൽ സി അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൻ**
പ്രസിഡണ്ട്

**ജെസ്വിൻ സാജു**
സെക്രട്ടറി

## കലാസദൻ

**1. ഭാരവാഹികളെ തെരഞ്ഞെടുത്തു**

കലാസദന്റെ പുതിയ ഭാരവാഹികളായി ഡോ. ഇഗ്നേഷ്യസ് ആന്റണി, *സെ. തോമസ് കോളേജ് പ്രിൻസിപ്പൽ (പ്രസിഡണ്ട്)*, ഫാ. ഫിജോ ആലപ്പാടൻ *(സെക്രട്ടറി)*, ബേബി മൂക്കൻ *(വൈ. പ്രസിഡണ്ട്)*, ബാബു ജെ. കവലക്കാട്ട് *(ജോ. സെക്രട്ടറി)*, ജോമോൻ ചാലിശ്ശേരി *(ട്രഷറർ)* എന്നിവരെ തെരഞ്ഞെടുത്തു. വിവിധ വിഭാഗം കൺവീനർമാരായി ഫ്രാൻസീസ് കോടങ്കണ്ടത്ത് *(ലളിതകല)*, ജെയ്ക്കബ് ചെങ്ങലായ് *(സംഗീതം)*, ഫാ. ഗ്രിജോ മുരിങ്ങാത്തേരി *(നാടകം)*, ഡോ. സുനിൽ സണ്ണി *(സാഹിത്യം)*, മേഴ്സി ബാബു *(നൃത്തം)* എന്നിവരേയും ജോ. കൺവീനർമാരായി ബാബു ചിറ്റിലപ്പിള്ളി, സി.ജെ. ജോൺ, സെബി ഇരിമ്പൻ, എം.ജെ. തോമസ്, ലിജിൻ ഡേവിസ്, ജാൻസി പോൾ, തോമസ് കൊള്ളന്നൂർ എന്നിവരേയും തെരഞ്ഞെടുത്തു. യോഗത്തിൽ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അദ്ധ്യക്ഷത വഹിച്ചു.

| | |
|---|---|
| **ഇഗ്നേഷ്യസ് ആന്റണി** | **ഫാ. ഫിജോ ആലപ്പാടൻ** |
| പ്രസിഡണ്ട് | സെക്രട്ടറി |

## ചിൽഡ്രൻസ് മിനിസ്ട്രി

**1. എയ്ഞ്ചലോസ് 2019**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2019 മെയ് 19–ന് അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷ

മായ കുർബ്ബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4 മണിവരെ തൃശ്ശൂർ ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ വച്ച് സ്വീകരണം നൽകുന്നു. എല്ലാ ഇടവകളിൽ നിന്നും പങ്കാളിത്വവും സഹകരണവും പ്രതീക്ഷിക്കുന്നു. ഈ യോഗത്തിലേക്ക് അന്നേ ദിവസം ഉച്ചതിരിഞ്ഞ് 1.30 ന് തന്നെ കുർബാന സ്വീകരണത്തിന്റെ ഡ്രസ്സിൽ കുട്ടികളെ കൊണ്ടുവരേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

2. **കുട്ടികളുടെയും ആനിമേറ്റേഴ്സിന്റെയും ഫോർമേഷൻ ക്യാമ്പുകൾ**

   ആനിമേറ്റേഴ്സിനും കുട്ടികൾക്കുമായി ഫോർമേഷൻ ക്യാമ്പുകൾ ഡി.ബി.സി.എൽ.സി. യിൽ വച്ച് സംഘടിപ്പിച്ചു. തിരുബാല സഖ്യത്തിൽ 114 കുട്ടികളും, ജൂനിയർ സി. എൽ. സി. 100 കുട്ടികളും, അൾത്താരസംഘത്തിൽ നിന്ന് 100 കുട്ടികളും പങ്കെടുത്തു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തും, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും വിശുദ്ധ ബലിയർപ്പിച്ച് കുട്ടികൾക്ക് സന്ദേശം നൽകി. ബഹുമാനപ്പെട്ട വൈദികർ കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുകയും ബ്രദേഴ്സ് ക്യാമ്പുകൾ നയിക്കുകയും ചെയ്തു. കുട്ടികളെ പറഞ്ഞയച്ച വികാരിയച്ചൻമാർക്കും, ആനിമേറ്റേഴ്സിനും ഹൃദ്യമായ നന്ദി.

3. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: "നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല; ചീത്ത വൃക്ഷം നല്ല ഫലങ്ങളും" (ലൂക്കാ 6:43)

സുകൃതജപം: ഉത്ഥിതനായ ഈശോയെ എന്നെ രക്ഷിക്കണമേ.

പ്രാർത്ഥനാനിയോഗം: തിരുസഭക്കുവേണ്ടി പ്രാർത്ഥിക്കുക.

പരിചയപ്പെടുന്ന വിശുദ്ധൻ: വി. ജോൺ നെപുംസ്യൻ (മെയ് 16)

പ്രവർത്തനം : എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.

**സി. റെജി എസ്. എസ്. പി. സി**
കോർഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ് - തൃശൂർ

**1. മീഡിയ സെൽ രൂപീകരണം**

കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിലുള്ള മീഡിയസെൽ രൂപീകരണത്തിന് എറണാകുളത്ത് സംഘടിപ്പിച്ച യോഗത്തിൽ അതിരൂപത ഭാരവാഹി ശ്രീ. കെ.സി. ഡേവീസിന്റെ നേതൃത്വത്തിൽ പ്രതിനിധികൾ പങ്കെടുത്തു.

**2. സമ്പൂർണ്ണ യൂണിറ്റ് രൂപീകരണ ദൗത്യം ആരംഭിക്കുന്നു**

കർമ്മരേഖ പദ്ധതിക്കനുസൃതമായി രൂപതയിലെ എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കുന്ന ദൗത്യത്തിന് മെയ്മാസത്തിൽ ആരംഭം കുറിക്കുന്നു. അതിരൂപത വർക്കിങ്ങ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഫൊറോന കമ്മറ്റിയുടെ സഹകരണത്തോടെയാണ് ദൗത്യം ആരംഭിക്കുന്നത്

**3. പാലയൂർ യാത്രകൾക്ക് നേതൃത്വം**

പാലയൂർ ജാഗരണയാത്രയ്ക്കും പാലയൂർ മഹാതീർത്ഥാടനത്തിനും മറ്റ് സംഘടനകളോടൊപ്പം കത്തോലിക്ക കോൺഗ്രസ്സും നേതൃത്വം നൽകി.

**4. റിസോഴ്സ് ടീം രൂപീകരണം**

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ അതിരൂപതതല റിസോഴ്സ് ടീം രൂപീകരിക്കുന്നു. ആനുകാലിക വിഷയങ്ങളെകുറിച്ച് പഠിക്കുന്നതിനും സഭയുടെ നിലപാടുകൾ സഭതനയരിലേക്ക് എത്തിക്കുന്നതിനും പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് റിസോഴ്സ് ടീം രൂപീകരിക്കുന്നത്.

**എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**ഫാ. വർഗ്ഗീസ് കുത്തൂർ**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

1. വെള്ളാനിക്കോട് കോൺഫ്രൻസ് അംഗം ബ്ര. എം.ജെ ജോമോന്റെ നിര്യാണത്തിൽ ആദരാജ്ഞലികൾ അർപ്പിച്ചു.
2. സി.സി അംഗങ്ങളെയും, എ.സി സെക്രട്ടറി, ട്രഷറർ എന്നിവരെയും ഉൾപ്പെടുത്തികൊണ്ട് വിൻസെൻഷ്യൻ ധ്യാനവും, പഠനക്ലാസ്സും മുളയം മേരിമാതാ മേജർ സെമിനാരിയിൽ വെച്ച് നടത്തി. ജപമാല, കുരിശിന്റെ വഴി, ആരാധന, എന്നിവയ്ക്കു ശേഷം ഫാ. വിൻസെന്റ് ആലപ്പാട്ട് സന്ദേശം നൽകി. സി.സി.യുടെ സപ്തതി സ്മരണിക പ്രസിഡന്റ് ബ്ര.കെ. എ. ഷിബു, മുൻ സി.സി. ആദ്ധ്യാത്മികോപ ദേഷ്ടാവ് മോൺ. ജോർജ്ജ് മാനാടന് നൽകികൊണ്ട് വിതരണോ ദ്ഘാടനം നടത്തി. സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ റോയ് മൂക്കൻ ദിവ്യ ബലി അർപ്പിച്ചു. ഫാ. സൈജോ തൈക്കാട്ടിൽ PACT നെ കുറിച്ച് ക്ലാസ്സെടുത്തു. KRCC മുൻ കോ–ഓഡിനേറ്റർ ബ്ര. ബേബി തെക്കൻ സംഘടനാ പ്രവർത്തനങ്ങളെ കുറിച്ച് ക്ലാസെടു ക്കുകയും, അംഗങ്ങൾ 3 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.
3. അദിലാബാദ് രൂപതയിലെ പാവപ്പെട്ട 40 കുടുംബങ്ങളെ സംഘടന ദത്തെടുത്ത് സഹായിക്കാൻ തിരുമാനിച്ചു. ഏരിയ കൗൺസി ലുകൾ,കോൺഫ്രൻസുകൾ,അഭ്യുദയകാംക്ഷികൾ എന്നിവരിൽ നിന്ന് സ്പോൺസർമാരെ കണ്ടെത്തുവാനും തീരുമാനിച്ചു.
4. മെയ് 19 ഞായറാഴ്ച്ച രാവിലെ 10 ന് നടത്തുന്ന സി.സി. അംഗങ്ങളുടെ ദമ്പതിസംഗമത്തിൽ ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ ക്ലാസ്സെടുക്കുന്നതാണ്.

| | | |
|---|---|---|
| **കെ. എ. ഷിബു** | **കെ. കെ. പോൾസൺ** | **ഫാ. റോയ് മൂക്കൻ** |
| പ്രസിഡണ്ട് | സെക്രട്ടറി | ആദ്ധ്യാത്മികോപദേഷ്ടാവ് |



# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയം 59-മത് വർഷത്തെ ആച്ചിയസ് (സൈനീക പ്രകടനം) നടത്തി. 2019 മാർച്ച് 31 ഞായറാഴ്ച രാവിലെ 10 മണിക്ക് സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടുംകൂടി സമ്മേളനം ആരംഭിച്ചു. 11 മണിക്ക് അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഭക്ത സംഘടനാ ഏകോപന സമിതിയുടെ അതിരൂപത ഡയറക്ടർ എന്ന നിലയിലും പുതിയ വികാരി ജനറാളുമായതിൽ മരിയ സൈനീകർ ബൊക്കെ നൽകി സ്വീകരിച്ചു ആദ്ധ്യാത്മിക നിയന്താവ് ഡോ. ജോൺ മൂലൻ സ്വാഗതമാശംസിച്ചതിനുശേഷം വികാരി ജനറാൾ സ്വീകരണത്തിന് മറുപടി പറഞ്ഞു. മരിയ സൈനീകരുടെ പ്രവർത്തനത്തെ അഭിനന്ദിച്ചുകൊണ്ട് സംസാരിച്ചു. തുടർന്ന് 11 മണിക്ക് ഏനമാക്കൽ കൂരിയ പ്രസിഡന്റും മുല്ലശ്ശേരി പ്രസിദീയം പ്രസിഡന്റുമായ ബ്രദർ ജേക്കബ് പാലയൂർ ധ്യാനപ്രസംഗം നടത്തി.

മരിച്ചുപോയ മരിയ സൈനീകർക്കായുള്ള അനുസ്മരണപ്രാർത്ഥനയ്ക്കുശേഷം ആദ്ധ്യാത്മിക നിയന്താവ് വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം 2.30ന് മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലിത്ത ആച്ചിയസ് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയ് അദ്ധ്യക്ഷപ്രസംഗം നടത്തി. മരിയ സൈനീകനായി 90-ാം വയസ്സിലും പ്രവർത്തിച്ചുവരുന്ന ഒല്ലൂർ പ്രസിദീയം പ്രസിഡന്റും കമ്മീസിയത്തിന്റെ മുൻ പ്രസിഡന്റുമായ ബ്ര. ജോസ് തെക്കിനിയത്തിനും, കമ്മീസിയം സെക്രട്ടറിയും മതാദ്ധ്യാപകനായി 45 വർഷം സേവനം പൂർത്തിയാക്കിയ ബ്ര. പി. സി. കുരിയപ്പനും മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലിത്ത പൊന്നാട അണിയിച്ച് മെമന്റോ നൽകി ആദരിച്ചു.

സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാളും കമ്മീസിയം അസി. ആദ്ധ്യാത്മിക നിയന്താവുമായ ഡോ. സിസ്റ്റർ മാഗി ജോസ് അനുഗ്രഹപ്രഭാ

ഷണം നടത്തി കമ്മീസിയം ട്രഷറർ ബ്ര. ജിമ്മി റാഫേൽ നന്ദി പറഞ്ഞതിനുശേഷം 600 ഓളം മരിയ സൈനീകർ **"എന്റെ രാജ്ഞി എന്റെ മാതാവേ ഞാൻ നിന്റേതാകുന്നു. എനിക്കുള്ളതെല്ലാം നിന്റേതാകുന്നു"** എന്ന പ്രതിജ്ഞാവാചകം ചൊല്ലിക്കൊണ്ട് ബസിലിക്കായിലേയ്ക്ക് ജപമാല പ്രദക്ഷിണം നടത്തി. ബസിലിക്ക റെക്ടർ ഫാ. നോബി അമ്പൂക്കൻ മരിയൻ സന്ദേശം നൽകിയതിനുശേഷം എല്ലാ മരിയ സൈനീകർക്കും പ്രതിഷ്ഠാജപം ചൊല്ലി കൊടുക്കുകയും ചെയ്തു. റെക്ടറച്ചന്റെ ആശീർവ്വാദത്തിനുശേഷം ആച്ചിയസ് ചടങ്ങ് സമംഗളം പര്യവസാനിച്ചു. ആച്ചിയസ് ചടങ്ങിൽ പങ്കെടുക്കാത്ത സൈനീകർ അതാതു കൂരിയകളിൽ നടത്തുന്ന പ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മികനിയന്താവ്

**കെ.പി. ജോയ്**
പ്രസിഡന്റ്

**പി.സി. കുരിയപ്പൻ**
സെക്രട്ടറി




1. **അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ് സമാപിച്ചു**

KCSL തൃശ്ശൂർ അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ് മാർച്ച് 16 ശനിയാഴ്ച ഫാമിലി അപ്പോസ്തലേറ്റ് ഹാളിൽ വച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ചെമ്പകശ്ശേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സി. ഉഷിൻ FCC, ഫാ. ലിജൊ കച്ചിലാംനിരപ്പേൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വിവിധ സ്കൂളികളിൽ നിന്ന് എൺപത്തിയഞ്ച് KCSL അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. ബെസ്റ്റ് ക്യാമ്പർ ആയി അൻജോ പി. ബേബി, എൽ. റോയ് എന്നിവരെ തിരഞ്ഞെടുത്തു.

**2. ശതാബ്ദിവർഷം**

KCSL തൃശ്ശൂർ അതിരൂപതാ ശതാബ്ദി വർഷത്തിലേക്ക് പ്രവേശിച്ചു. ശതാബ്ദിയോടനുബന്ധിച്ച് നടത്തേണ്ട പ്രത്യേക പരിപാടികളെക്കുറിച്ച് നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ മെയ് 15ന് മുൻപ് പ്രസിഡന്റിനെ അറിയിക്കുക.

**3. പുതിയ ഭാരവാഹികൾ**

2019–2020 അധ്യയന വർഷത്തെ KCSL വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞു. പുതിയ ഭാരവാഹികൾ താഴെ പറയുന്നവരാണ്.

| | | |
|---|---|---|
| ചെയർമാൻ | : | അജ്മൽ റോയ് (ദീപ്തി HS തലോർ) |
| ജനറൽ സെക്രട്ടറി | : | ജുവൽ അജു (സെന്റ് തെരേസാസ് KCSL (ബ്രഹ്മകുളം) |
| സെക്രട്ടറിമാർ | : | എഡ്വിൻ ജോൺസൻ (സെന്റ് മേരീസ് HS ചെങ്ങാലൂർ), ആഗ്ന മനോജ് (സെന്റ് മേരീസ് CGHS ഒല്ലൂർ), ജെറി (സെന്റ് മേരീസ് CUPSചിയ്യാരം), ആൻലിയ ഫ്രാൻസിസ് (സേക്രഡ് ഹാർട്സ് CGHS തൃശൂർ) |
| എക്സിക്യൂട്ടീവ് അംഗങ്ങൾ | : | ജെയ്റ്റ്ലിൻ ടി ജെയ്മോൻ (സെന്റ് സെബാസ്റ്റ്യൻ HS ചിറ്റാട്ടുകര)<br>അന്ന ക്രിസ്റ്റീന (നിർമ്മൽ ജ്യോതി CS മുണ്ടൂർ) |

ആശംസകളോടെ,

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ




**റവ. ഫാ. റാഫേൽ ചിറ്റിലപ്പിള്ളി**

ജനനം: 10.10.1930

തിരുപ്പട്ടം: 13.03.1960

മരണം: 07.04.2019

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.04.2019
**May-2019**



മെയ് 1ന്
മെത്രാഭിഷേക വാർഷികം
ആഘോഷിക്കുന്ന

**മാർ ആൻഡ്രൂസ്**
**പിതാവിന്**

തൃശൂർ അതിരൂപത മക്കളുടെ
പ്രാർത്ഥനാശംസകൾ

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor